കർമ്മല കുസുമം.

പുസ്തകം ൧൩) ൧൯൧൭ ജനുവരി (ലക്കം ൧.

## തോമ്മാസ് ആക്കെമ്പീസിന്റെ ജീവചരിത്രം.

"ക്രീസ്ത്വാനുകാരം" എന്ന വിശ്രുത ഗ്രന്ഥത്തിന്റെ കർത്താവായ തോമ്മാസ് ആക്കെമ്പിസ് എന്ന മഹാത്മാവു് ജർമ്മനിയിൽ റൈൻ നദിയുടെയും മ്യൂസ് നദിയുടെയും മദ്ധ്യേയുള്ള പ്രദേശത്തു കെമ്പൻ എന്ന പട്ടണത്തിൽ ൧൩൮൦-ൽ ജാതനായി. സ്വന്ത പട്ടണപ്പേർ കൂട്ടി സാധാരണ തോമ്മാസ് ആക്കെമ്പിസ് എന്നു ഇദ്ദേഹം വിളിക്കപ്പെടുന്നു. കുടുംബനാമം ഹെയ്മെക്കെൻ എന്നത്രെ. ഫ്രാംസീസ്ക്കൂസ് അസ്സീസ്സി, കത്രീനാ ദെസ്യേനാ ഇത്യാദി നാമങ്ങളിലും തറവാട്ടുപേരിന്നു പകരം സ്വന്ത പട്ടണപ്പേരാണല്ലൊ ഉപയോഗിക്കുന്നതു്. നമ്മുടെ കഥാനായകൻ കീർത്തിപെട്ട കൊളൊൻ അതിരൂപതയിൽ ഉൾപ്പെട്ട ആളായിരുന്നെങ്കിലും, ബാല്യപ്രായം ഒഴിച്ചാൽ, ശേഷമുള്ള ആയുഷ്ക്കാലം മുഴുവനും ഹോളണ്ടിലത്രെ കഴിച്ചുകൂട്ടിയതു്: ഇതിന്നുള്ള കാരണം അക്കാലത്തു ഹോളണ്ടിൽ വിൻഢെസിൻ എന്ന സ്ഥലത്തു അസാമാന്യ പുണ്യവും പഠനവുമുള്ള രണ്ടു പട്ടക്കാർ "പൊതുജീവിതസഭ" എന്ന ഒരു പുതിയ സഭ ഏർപ്പെടുത്തുകയും, ആ സഭയുടെ കാരണഭൂതന്മാരായ അഞ്ചു പട്ടക്കാരിൽ ഒരാൾ നമ്മുടെ തോമ്മാസിന്റെ സീമന്ത ജ്യേഷ്ഠനായ ബ. ജോൺ ആക്കെമ്പീസ് ആയിരിക്കയും ചെയ്തതാണ്. ആദ്യപഠനങ്ങൾ കെമ്പൻപട്ടണത്തിൽ കഴിച്ചശേഷം നമ്മുടെ തോമ്മാസ് ഭക്തിമാന്മാരായ മാതാപിതാക്കന്മാരുടെ അനുമതിയോടെ ജ്യേഷ്ഠന്റെ പക്കലേക്കു പോയി, പുതിയ സഭക്കാരായ വന്ദ്യപിതാക്കന്മാരുടെ മേൽനോട്ടത്തിൽ പഠനങ്ങൾ പൂർത്തിയാക്കി. അനന്തരം വിശുദ്ധ ആഗ്നെസിന്റെ ആശ്രമത്തിൽ ചേന്നു. അവിടത്തെ ശ്രേഷ്ഠനായ ഇദ്ദേഹത്തിന്റെ ജ്യേഷ്ഠനിൽനിന്നുതന്നെ സഭാവസ്ത്രം സ്വീകരിച്ചു. വൈദിക പഠനങ്ങൾ സ്തുത്യർഹമായ വിധത്തിൽ പൂർത്തിയാക്കിയശേഷം ഗുരുപ്പട്ടമേറ്റു്, സന്യാസിയും പുരോഹിതനുമായി തീൎന്ന നമ്മുടെ തോമ്മാസ ആക്കെമ്പീസ് സകല പുണ്യങ്ങളുടെയും വിളനിലമായിരുന്നു. അദ്ദേഹത്തിന്നു പുണ്യമാതൃകകളായിരുന്ന സഭയുടെ ആദ്യപിതാക്കന്മാരുടെയും, പ്രത്യേകം സഭാസ്ഥാപകന്മാരായ ബ. ജെരാർദ്ദ ഗ്രൂട്ട്, ബ. ഫ്ലോരെന്ത്യൂസ് റൈഢൻ എന്നീ രണ്ടു വന്ദ്യപിതാക്കന്മാരുടെയും വിശേഷ പുണ്യങ്ങളെ നമ്മുടെ കഥാനായകൻ സ്വായത്തമാക്കി. വേദാഗമവും, വിശുദ്ധ ആഗുസ്തീനോസ്, വി. അമ്പ്രോസീസ്, വി. യോഹന്നാൻ ക്രിസൊസ്തോമ്മോസ് ആദിയായ വേദപാരഗന്മാരുടെ ഗ്രന്ഥങ്ങളും ഇദ്ദേഹത്തിന്റെ ബോധത്തിൽ നല്ലവണ്ണം പതിഞ്ഞിട്ടുണ്ടായിരുന്നു. വേദപുസ്തകം പഴയതും പുതിയതും ഇദ്ദേഹം അഞ്ചു വലിയ പുസ്തകങ്ങളായി സ്വന്ത കൈപ്പടയിൽ എഴുതി പകർത്തിയതു് ഇപ്പോഴും പൂ

ജ്യമായി സൂക്ഷിക്കപ്പെട്ടുവരുന്നു. അക്കാലത്തു അച്ചടി നടപ്പിൽ വന്നിട്ടില്ലായിരുന്നതുകൊണ്ടു വേദപാരഗന്മാരുടെ പുസ്തകങ്ങളും ഇദ്ദേഹം പകൎത്തി എഴുതിയിട്ടുണ്ട്. അസാമാന്യ ബുദ്ധിയും ദൈവകാൎയ്യങ്ങളിൽ വിസ്മയിക്കത്തക്ക താല്പൎയ്യവുമുണ്ടായിരുന്ന ഈ മഹാത്മാവ് ഭക്തിജന്യങ്ങളായ അനേകം പുസ്തകങ്ങളെ രചിച്ചിട്ടുണ്ട്. ഇവയിൽ 'ക്രിസ്താനുകാരം' പത്തിൽ ഒരംശം മാത്രമെ ആയിരിക്കുന്നുള്ളു. ശേഷം പുസ്തകങ്ങളേക്കാൾ മെച്ചമേറുകയാൽ ഇതിന്നു അധികമായ പ്രചാരം സിദ്ധിച്ചു. ദൈവം ഇദ്ദേഹത്തിന്ന് അസാധാരണ ദാനങ്ങൾ ധാരാളമായി നൽകിയിട്ടുണ്ടായിരുന്നു. ൯൨ വയസ്സുവരെ ജീവിച്ച് സദാ വായനയും എഴുത്തും നമസ്കാരവുമായി നേരത്തെ വ്യയംചെയ്തുവെങ്കിലും ഇദ്ദേഹം ഒരിക്കലും കണ്ണാടി ഉപയോഗിച്ചിട്ടില്ല. ആശ്രമത്തിൽ ഉപശ്രേഷ്ഠന്റെ ജോലിയും നവസന്യാസഗുരുവിന്റെ ജോലിയും വളരെക്കാലത്തേക്കു നടത്തി. ആശ്രമദേവാലയത്തിൽ പലപ്പോഴും പ്രസംഗിച്ചിരുന്നു. അപ്പോൾ സാധാരണ നമ്മുടെ കത്താവീശോ മ്ശിഹായുടെ മാനുഷാവതാരം, ഭംഗപ്പാടു എന്നീ വിഷയങ്ങളെക്കുറിച്ചും, അങ്ങേ അളവില്ലാത്ത സ്നേഹത്തെക്കുറിച്ചും വളരെ തീഷ്ണതയോടെ പ്രതിപാദിച്ചിരുന്നു. ഇദ്ദേഹത്തിന്ന് ഒരൊത്തയാളിന്റെ പൊക്കവും, വലിയ നെററിയും സൂക്ഷ്മമുള്ള കണ്ണുകളുമുണ്ടായിരുന്നു. എല്ലാവരുടെയും വിശിഷ്യ പീഡിതന്മാരുടെ നേരെയും വളരെ ദയയുള്ളവനായിരുന്നു. വിശ്രമസമയത്തു മിക്കവാറും മൌനമവലംബിച്ചു. എന്നാൽ സംഭാഷണം ദൈവത്തെക്കുറിച്ചോ ആത്മകാൎയ്യങ്ങളെപ്പററിയൊ ആയിരുന്നാൽ ധാരാളമായി സംസാരിച്ചിരുന്നു. "എന്റെ സഹോദരരെ! ഞാൻ പോകട്ടെ! എന്റെ മുറിയിൽ എന്നോടു സംസാരിപ്പാൻ ഒരാൾ പാൎത്തിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു വിശ്രമം നിറുത്തി പലപ്പോഴും മുറിയിൽ ദൈവത്തോടു സംഭാഷിപ്പാൻ പോയിരുന്നു. ധ്യാനയോഗിയായിരുന്ന ഈ മഹാത്മാവ് ൧൪൭൧ കൎക്കടകം ൨൫-നു അന്തിമക്കൂദാശകളൊക്കെയും ഭക്തിപുരസ്സരം കൈക്കൊണ്ടു ൯൨-ാമത്തെ വയസ്സിൽ ഭാഗ്യപ്പെട്ട മരണം പ്രാപിച്ചു. പ്രോട്ടസ്റ്റണ്ടു മതം ഉണ്ടായി ഇരുനൂറു വത്സരങ്ങൾ കഴിഞ്ഞിട്ടു കൊളോൻ അതിരൂപതയുടെ പ്രഭുമെത്രാനായ റി വ. ദിവ്യശ്രീ മാക്സ് മില്യൻ ഹെൻറിക്ക് അവർകൾ നമ്മുടെ വന്ദ്യ തോമ്മാസ് ആക്കെമ്പീസിന്റെ അവശിഷ്ടങ്ങളെ ഡെപാൾ എന്ന സ്ഥലത്തു ഒരു വിശേഷ സ്മാരകക്കല്ലറ പണിയിച്ച് അതിൽ സംഗ്രഹിക്കയും, അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവൻ എന്നു പേർവിളിപ്പാൻ താല്പൎയ്യപ്പെടുകയും ചെയ്തു. എന്നാൽ മെത്രാനവർകൾ ൧൬൮൮-ൽ മരിക്കയാൽ അതിന്നു ഇടയായില്ല. കെമ്പൻ പട്ടണത്തിൽ മഹത്തായ ഒരു സ്മാരകം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അതിന്മേൽ തോമ്മാസ് ആകെമ്പിസിന്റെ സ്വരൂപം ഒത്ത മുഴുപ്പിൽ പണിയപ്പെട്ടിട്ടുമുണ്ട്.

൪. ൨൨. ൨. ജ

---

## ശാവോലിന്റെ മാനസാന്തരം.

സത്യതിരുസഭാ സ്ഥാപകനായ മിശിഹാ ആദ്യകാലത്തിൽ തന്നെ തന്റെ ജന്മശത്രുവും നരക സൈന്യത്തിന്റെ അധിപനുമായ ശ്ശൈത്താനായോടു ചെന്നു ഘോരസമരത്തിൽ അവന്റെ കൈകളിൽനിന്നു പിടിച്ചുപറിച്ചെടുത്ത ധീരയോധാക്കളിൽ അഗ്രഗണ്യനാകുന്നു ശാവോൽ. ബെനിയാമ്മിൻ ഗോത്രക്കാരനായ ഈയാൾ മൂശയുടെ പ്രമാണങ്ങളും വേദവ്യാഖ്യാനങ്ങളും പുരാതന പഠനങ്ങളും അതിതല്പരതയോടുകൂടെ വായിച്ചു മനസ്സിലാക്കിയിരുന്നതിനാൽ ഒരു വേദോപദേഷ്ടാവിന്റെ നിലയിലായിരുന്നു നടപടി. വേദനിപുണതയിൽ അസാമാന്യ പ്രശംസയും അഭിപ്രായങ്ങളിൽ ശാഠ്യവും അയാളിൽ അങ്കുരിച്ചിരുന്നതിനാൽ, മററാരെയും കൂട്ടാക്കിയിരുന്നില്ല. പ്രേഷകർ മ്ശിഹായുടെ വേദം പ്രസംഗിക്കുന്നതറിഞ്ഞ് ഈ നവീന വേദത്തിന്റെ ജന്മവൈരിയായി അതിനെ നാമാവശേഷമാക്കി തീൎക്കുന്നതിലേക്കു സ്വാത

സിദ്ധമായ ജ്ഞാനവും സാമത്ഥ്യവും വേദശാസ്ത്രനൈപുണ്യവും ആയുധങ്ങളായി ഉപയോഗിച്ചു; ദൈവം ആഘോഷപൂൎവ്വം, സീനമലയിൽ പ്രത്യക്ഷനായി രക്ഷാകര വേദത്തെ മൂശവഴിയായി മാനുഷവൎഗ്ഗത്തിന്നു നൽകിയിരിക്കയിൽ അതിനെ അസ്ഥിരപ്പെടുത്തി, ഒരു നവീന വേദം ഉപദേശിപ്പാൻ ആൎക്കധികാരമെന്നും വേദാധികാരികളും ലൌകീകാധികാരികളും മുറപ്രകാരം വിസ്തരിച്ചു മഹാ കുററക്കാരനും വേദവിരോധിയും കലഹപ്രിയനുമെന്നും തീരുമാനിച്ചു കോടതിമൂലം മരണശിക്ഷക്കു വിധിച്ചു, കുരിശിൽ തറച്ചു കൊല്ലപ്പെട്ട ഒരുത്തൻ നിൎമ്മിച്ചുണ്ടാക്കിയ ഈ നവീന വേദത്തിന്റെ പാഠങ്ങളെ അനുഗമിക്കുന്നതു തീരെ അയോഗ്യമെന്നും വിധിച്ച് ഈ മതാനുസാരികളെ നാനാവിധേനയും ഉപദ്രവിപ്പാൻ ആരംഭിച്ചു. എന്നാൽ ശാവോലിന്റെ ഈ അധൎമ്മകൎമ്മം കേവലം മാനുഷികമെന്നല്ല, പൈശാചികം എന്നുവേണം പറവാൻ. എന്തെന്നാൽ, പിശാചു ഒരു ആത്മാവിനെ വശീകരിച്ചു, ദൈവദ്രോഹിയാക്കി തീൎക്കുന്നതു, നാം സാധാരണ കണ്ടുവരുന്ന ഒരു സംഭവമാണ്. എന്നാൽ അവൻ ഒരു മതത്തെയൊ ഒരു സമുദായത്തെയൊ നശിപ്പിക്കുന്നതിന്നു ഉദ്ദേശിക്കുമ്പോൾ മനുഷ്യരെ ഇതിലേക്കു കരുക്കളായി ഉപയോഗിക്കുന്നു. ന. മാതാവായ തിരുസ്സഭ ആരംഭദശയിൽ അനുഭവിച്ചുപോന്ന ശുഭ സ്ഥിതിയും അഭിവൃദ്ധിയും മററും പിശാചു കണ്ടു അസാമാന്യ അസൂയയാൽ നിറഞ്ഞു അതിനെ അശേഷം നശിപ്പിക്കുന്നതിന്നു ആരുടെ ഉള്ളിൽ പ്രവേശിക്കേണ്ടു എന്നു ചുററി തിരിഞ്ഞു അന്വേഷിക്കയിൽ ന. ശാവോലാണ് അവന്റെ ദൃഷ്ടിക്കു വിഷയീഭവിച്ചതു്. ഇങ്ങിനെ പിശാചു നമ്മുടെ കഥാനായകനിൽ ഉല്പാദിപ്പിച്ച അനവധി ദുരാലോചനകളിൽ ഒന്നു, വി. ശ്ലീഹന്മാരുടെയും ശിഷ്യഗണത്തിന്റെയും ആയുസ്സിന്നു അന്തരം വരുത്തണമെന്നായിരുന്നു. ഉൽകൃഷ്ടബുദ്ധിയായ ശാവോൽ ഈ ഹീനാലോചനക്കു മനസ്സാകാതെ വൈദികാധികാരത്താലും രാജാധികാര ശക്തിയാലും ശ്ലീഹന്മാരെ അമൎത്തുവാൻ തീൎച്ചയാക്കി. ആകയാൽ ഓൎശ്ലേം പട്ടണത്തിലും പട്ടണത്തിന്നു പുറത്തും വസിച്ചിരുന്ന അനവധി ക്രിസ്ത്യാനികളെ പിടിച്ചു കാരാഗ്രഹത്തിലാക്കി എന്നു മാത്രമല്ല, ശേഷം യൂദന്മാർ ചെയ്യുന്ന പ്രയത്നങ്ങളെക്കാൾ, അധികമായി തിരുസ്സഭയെ അമൎത്തുവാൻ താൻ യത്നിക്കുന്നുണ്ടെന്നു ഒരു ശപഥവുംകൂടെ ന: ശാവോൽ ചെയ്തു. ഈ പ്രതിജ്ഞയാൽ സന്തോഷഭരിതരായ നരകീയ സൈന്യത്തിന്റെ പ്രേരണയാൽ ശാവോലിന്റെ മതതീക്ഷ്ണതയും ക്രിസ്ത്യാനികളെ അമൎത്തുവാനുള്ള ശുഷ്കാന്തിയും കണ്ടു തൃപ്തരായിരുന്ന യൂദജനങ്ങളുടേയും ആചാൎയ്യരുടേയും അധികാരപത്രത്തോടുകൂടെ ധമ്മേസാക്കിൽ നിവസിച്ചിരുന്ന ക്രിസ്തുവരെ പിടിക്കുന്നതിന്നായി ഇതാ ശാവോൽ യാത്ര പുറപ്പെടുന്നു. (അപ്പ: ൯. ൧.൨.)

ഇങ്ങിനെ ധമ്മേസാക്ക് പട്ടണത്തിന്നു അടുക്കാറായപ്പോൾ ദൈവശാപത്തിന്നു അൎഹനായിരുന്ന ശാവോലിന്റെ മാനസാന്തരത്തിന്നു ദൈവം ചിത്തമായി. എങ്ങിനെയെന്നാൽ മദ്ധ്യാഹ്നമായിരുന്ന ആ സമയം പെട്ടെന്നാകാശത്തിൽനിന്നു ആശ്ചൎയ്യജനകമായ ഒരു പ്രഭ, ഇറങ്ങി ശാവോലിനെ ചുററി. ഈ പ്രഭയുടെ ആധിക്യത്താൽ അദ്ദേഹം നിലത്തുവീണു. അപ്പോൾ "ശാവോലെ! ശാവോലെ! നീ എന്തുകൊണ്ടു എന്നെ ഉപദ്രവിക്കുന്നു" എന്നു ഒരു സ്വരം കേട്ടു. അതിന്നു "കൎത്താവേ! നീ ആരാകുന്നു" എന്നു ശാവോൽ ചോദിച്ചപ്പോൾ "ഞാൻ നീ ഉപദ്രവിക്കുന്ന ഈശോയാകുന്നു" എന്നരുളിചെയ്തു. ശാവോൽ ഇതുകേട്ടു ഭ്രമിച്ചു "കൎത്താവെ! ഞാൻ എന്തുചെയ്യണം" എന്നു ചോദിക്കയിൽ, "നി എഴുന്നീററു പട്ടണത്തിൽ പ്രവേശിക്ക; നീ ചെയ്യേണ്ടതു എന്തെന്നു അവിടെനിന്നോട് അറിയിക്കപ്പെടും" എന്നുത്തരം കിട്ടി. തന്റെ അനുചരന്മാർ ഈ സ്വരവും മററും കേട്ടു എങ്കിലും ആരെയും കാണായ്കയാൽ ആശ്ചൎയ്യപ്പെട്ടിരുന്നു. ശാവോൽ കണ്ണുതുറന്നു നോക്കിയപ്പോൾ യാതൊന്നും കണ്ടില്ല. അവന്റെ സേവകർ കൈക്കു പിടിച്ചു ധമ്മേസാക്കിലേക്കു കൊണ്ടുപോയി. അവിടെ ശാവോൽ മൂ

ന്നു ദിവസത്തേക്കു കുരുടനായി, യാതൊന്നും തിന്നുകയോ കുടിക്കയോ ചെയ്യുന്നില്ലാ. ഈ ദിവസങ്ങളിൽ അദ്ദേഹം സ്വർഗ്ഗത്തിലേക്കു എടുക്കപ്പെടുകയും പല ദിവ്യരഹസ്യങ്ങളെ ഗ്രഹിക്കയും ചെയ്തു. ഇതിന്നിടയിൽ ഈശോ, ആ പട്ടണത്തിലുണ്ടായിരുന്ന അനനിയാസ എന്നൊരു മഹാനു പ്രത്യക്ഷനായി ശാവോൽ ജപം ചെയ്തുകൊണ്ടിരുന്ന സ്ഥലത്തിലോട്ടു പോകുന്നതിന്നു കല്പിച്ചു. അപ്പോൾ അയാൾ "കർത്താവെ! ആ മനുഷ്യൻ ഓറശ്ലേമ്മിൽ നിൻെറ വിശുദ്ധൎക്കു എത്രയൊ ഉപദ്രവങ്ങൾ ചെയ്തുവരുന്നു എന്നു പലരിൽനിന്നു ഞാൻ കേട്ടിരിക്കുന്നു.„ എന്നു പറഞ്ഞു. ആയതിന്നു 'ശാവോൽ ദൈവനാമത്തെ പുറജാതികൾക്കും രാജാക്കൾക്കും ഇസ്രായേൽ പുത്രൎക്കും അറിയിക്കുന്നതിന്നു തെരഞ്ഞെടുക്കപ്പെട്ട ഭാജനമാകുന്നു എന്നു ഗ്രഹിപ്പിച്ചു അവൻെറ പക്കൽ പോകുവാൻ അനനിയാസിനോടു വീണ്ടും ആജ്ഞാപിച്ചു. അനനിയാസ് പോയി വീട്ടിലേക്കു കടന്നു അവൻെറമേൽ കൈകളെ വെച്ചു ശാവോൽ, സഹോദരാ! നീ കാഴ്ച പ്രാപിച്ച് പരിശുദ്ധാത്മാവു നിറഞ്ഞവൻ ആകേണ്ടതിന്നു നീ വന്ന വഴിയിൽ നിനക്കു പ്രത്യക്ഷനായ ഈശോ എന്നെ അയച്ചിരിക്കുന്നുവെന്നു പറഞ്ഞു. ഉടനെ അവൻെറ കണ്ണുകളിൽനിന്നു ചെതുമ്പലുകൾപോലെ വീണു; അവൻ കാഴ്ച പ്രാപിച്ചു എഴുന്നീറ്റു സ്നാനപ്പെട്ടു. (അപ്പോ: നട: ൯– ൧൭. ൧൮.) അനന്തരം ശാവോൽ അഥവാ വി. പൌലോസ്, പ്രസ്തുത പട്ടണത്തിലെ യൂദന്മാരോടു വളരെ ശുഷ്കാന്തിയോടുകൂടി ക്രിസ്തുമതം പ്രസംഗിച്ചിരുന്നു. ക്രിസ്തുമതവൈരിയായ ശാവോൽ ഇങ്ങിനെ ക്രിസ്ത്വാബ്ദം ൩൫–ൽ ക്രിസ്തുമത പ്രേഷകനായിമാനസ്സാന്തരപ്പെട്ടു. ക്രിസ്തുമതത്തിൻെറ ബദ്ധവൈരിയായിരുന്നെങ്കിലും, മതപരിവർത്തനത്തിൻെറശേഷം ഒരു പ്രേഷകവൎയ്യനായിത്തീൎന്ന വി. പൌലോസിൻെറ മാനസാന്തര തിരുനാൾ മകരം ൨൫–ാം നു- ആഘോഷിക്കപ്പെടുന്നു.

## പാപ സങ്കീൎത്തനവും ദിവ്യകാരുണ്യവും.

(തുടൎച്ച)

### പാപോച്ചാരണം.

ഒരു ക്രിസ്ത്യാനി ജ്ഞാനസ്നാനം കൈക്കൊണ്ടശേഷം ചെയ്യുന്ന പാപങ്ങൾ മോചിക്കപ്പെടുന്നതിനു മിശിഹാ നിശ്ചയിച്ചിരിക്കുന്ന ഏക മാൎഗ്ഗം 'കുമ്പസാരം' അഥവാ പാപസങ്കീൎത്തനം എന്ന ക്രൂദാശയാകുന്നു. തൻെറ പുനരുത്ഥാനാനന്തരം ശ്ലീഹന്മാൎക്കു പ്രത്യക്ഷനായിട്ടു "നിങ്ങൾ ആരുടെ പാപങ്ങൾ പൊറുക്കുന്നുവോ അവ അവരോടു പൊറുക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ ആരുടെ പാപങ്ങൾ പിടിക്കുന്നുവോ അവ, അവരോടു പിടിക്കപ്പെട്ടും ഇരിക്കുന്നു." (യോഹ. ൨൦. ൨൩). എന്ന് മിശിഹാ അരുളിച്ചെയ്തു. ഈ ദിവ്യ അരുളപ്പാടു മുഖേന മിശിഹാ ശ്ലീഹന്മാരേയും അവരുടെ പിൻഗാമികളായ പുരോഹിതന്മാരേയും തൻെറ പ്രതിപുരുഷന്മാരായും തനിക്കു പകരം വിധിയാളന്മാരായും നിയമിച്ചു. എന്നാൽ ഒരു ന്യായാധിപനു, ശിക്ഷയോ സമ്മാനമൊ ഒരാൾക്കു കല്പിക്കുന്നതിനു അവൻ എപ്രകാരമുള്ളവനെന്നറിവാൻ ആവശ്യമായിരിക്കുന്നു. സമ ന്യായത്താലെ മിശിഹായുടെ പ്രതിപുരുഷന്മാരായ പട്ടക്കാൎക്കു പാപിയുടെ പാപങ്ങൾ ഏതെല്ലാം എന്നറിയാതെ അവന്നു ശിക്ഷ കല്പിക്കുന്നതിനും പാപവിമോചനം നൽകുന്നതിനും വഹിയാ. ആകയാൽ പാപമോചനം ലഭിക്കുന്നതിനാഗ്രഹിക്കുന്ന ക്രിസ്ത്യാനി ചെയ്തുപോയിട്ടുള്ള പാപങ്ങളെ പട്ടക്കാരനോടറിയിക്കേണ്ടിയിരിക്കുന്നു. മിശിഹായുടെ സ്ഥാനപതിയായ പട്ടക്കാരനോടു പാപങ്ങളെ വെളിപ്പെടുത്തുന്ന ഒരുത്തൻ ആഗ്രഹിക്കുന്നതു് ദൈവാനുഗ്രഹത്താലെ അവൻെറ പാപങ്ങൾ പൊറുക്കപ്പെടണം എന്നാണല്ലൊ. പട്ടക്കാരനോടു 'പാപങ്ങളെ അറിയിപ്പാൻ ലജ്ജിക്കുന്നവൻ ദൈവത്തിൽനിന്നു് അവയുടെ പൊറുതിയെ പ്രതീക്ഷിക്കുന്നില്ലാ എന്നു മാത്രമല്ല അവൻെറ പാപങ്ങളിൽ നിലനില്പാൻ ആഗ്രഹിക്കയും

ചെയ്യുന്നു. ഒരു രോഗിക്കു ചില വ്രണങ്ങൾ ഉണ്ടെന്നിരിക്കട്ടെ. അവയെ വൈദ്യനെ കാണിക്കുന്നില്ലായെങ്കിൽ അവയുടെ സ്വഭാവം എന്തെന്നും അവസ്ഥയുള്ള ഔഷധം ഏതെന്നും നിശ്ചയിക്കുന്നതിനു അയാൾക്കു സാധിക്കുമൊ?

പാപങ്ങളെ കുമ്പസാരത്തിൽ ഏറ്റു പറയുന്നതിനു ലജ്ജിക്കുന്ന ഒരാൾ എത്രത്തോളം മനസ്താപപ്പെട്ടാലും, ഏതെല്ലാം തപഃക്രിയകൾ ചെയ്താലും, എത്ര കഠിന ഉപവാസം അനുഷ്ഠിച്ചാലും, അവയൊന്നും അവന്റെ പാപങ്ങളെ മായിച്ചുകളയുന്നില്ല. ഇങ്ങനെയുള്ളവൻ മനസ്താപപ്പെടുകയല്ല തട്ടിക്കപ്പെടുകയത്രേചെയ്യുന്നതു്. നല്ല ക്രിസ്ത്യാനികൾക്കു പാപസങ്കീർത്തനം എത്ര ആശ്വാസപ്രദമായ സംഗതിയായിത്തീർന്നിരിക്കുന്നു? അതു് ദൈവസഹായത്തെ തേടാത്ത അല്പബുദ്ധികൾക്കുമാത്രം ലജ്ജയും ഭയവും വരുത്തി വയ്ക്കുന്നു. പാപത്തെ ദ്വേഷിക്കുന്നതിലല്ല, പാപത്തെ സ്നേഹിക്കുന്നതിലത്രേ ലജ്ജിക്കേണ്ടതു്. കീർത്തിപ്പെട്ട ഗ്രേക്കു തത്വശാസ്ത്രിയായ "സൊക്രത്തിസിന്റെ ഒരു ശിഷ്യൻ മോഹപാപം ചെയ്തശേഷം ഒരു പരസ്ത്രീയുടെ വീട്ടിൽനിന്നിറങ്ങി വഴികയിൽ ഗുരുനാഥനായ സൊക്രത്തീസ് സമീപെക്കൂടി കടന്നുപോകുന്നതു കണ്ടു് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ എത്തുപെടാതിരിപ്പാൻ വേണ്ടി വീണ്ടും അവളുടെ വീട്ടിലേക്കുതന്നെ പ്രവേശിച്ചു. സൊക്രത്തിസ് എങ്ങനെയൊ ഇതു കണ്ടു. ഉടൻതന്നെ അദ്ദേഹം ആ ഭവനത്തോടടുത്തുചെന്നു് അവിടെ ഒളിച്ചിരുന്ന തന്റെ ശിഷ്യനോടിപ്രകാരം പറഞ്ഞു: "പരസ്ത്രീയുടെ ഭവനത്തിൽ നിന്നിറങ്ങിപ്പോകുന്നതല്ല, അവളുടെ ഭവനത്തിലേക്കു പ്രവേശിക്കുന്നതാണു ലജ്ജാവഹമായിരിക്കുന്നതു്". പാപം ചെയ്തശേഷം അതിനെ ഏറ്റുപറയുന്നതിനു ലജ്ജിക്കുകയും തന്നിമിത്തം നശിച്ചു നരകാഗ്നിയിൽ കിടന്നു വേകുകയും ചെയ്യുന്നവരുടെ എണ്ണം ഒട്ടും കുറവല്ല. ബെനഡിക്തോസു സഭക്കാരുടെ നാളാഗമത്തിൽ ഇപ്രകാരം ഒരു ഭയങ്കരസംഭവം എഴുതപ്പെട്ടിരിക്കുന്നു: ദരിദ്രനായിരുന്ന പെലാജിയൂസ് എന്ന ഒരാൾ അവന്റെ മാതാപിതാക്കളുടെ ആജ്ഞാനുസരണം ആടു മേയ്ക്കുന്നതിൽ ഉദ്യുക്തപ്പെട്ടിരുന്നു. ആ തൊഴിലിൽ ഒരു പുണ്യവാൻ എന്നു തോന്നത്തക്ക വിധത്തിലായിരുന്നു അവന്റെ ജീവിതം. അഛനമ്മമാരുടെ മരണാനന്തരം തനിക്കുണ്ടായിരുന്ന വസ്തുക്കളെ വിററു ഒരു വനത്തിൽ പോയി ജീവിപ്പാൻ തുടങ്ങി. അവിടെവച്ചു ഒരിക്കൽ നിർഭാഗ്യമായിഒരു ദുർവിചാരത്തിനു സമ്മതിച്ചു. ഈ പാപത്തിൽ വീണശേഷം അതു കുമ്പസാരിച്ചാൽ അതുവരെ തന്നെക്കുറിച്ചുണ്ടായിരുന്ന നല്ല മതിപ്പു പൊയ്പ്പോകുമെന്നുള്ള ഭയത്താൽ ആ പാപം കുമ്പസാരിപ്പാൻ മനസ്സാകാഞ്ഞതുകൊണ്ടു മഹാ ഭയത്തിലും വിഷാദത്തിലും മുഴുകിയിരുന്നു. ഇപ്രകാരം പീഢിക്കപ്പെട്ടിരിക്കയിൽ ഒരു പരദേശി ആ വഴിയെ കടക്കയും, അയാൾ പെലാജിയോസിനെ നോക്കി "പെലാജിയൂസെ! നിന്റെ ദോഷം കുമ്പസാരിക്ക, എന്നാൽ ദൈവം നിന്നോടു പൊറുക്കും, അതിനാൽ നിനക്കു സമാധാനവും കിട്ടും" എന്നു പറഞ്ഞുകൊണ്ടു് അപ്രത്യക്ഷനായി. എന്നിട്ടും പെലാജിയൂസ്, കുമ്പസാരിച്ചില്ലെങ്കിലും ഈ ദോഷം ദൈവം തന്നോടു പൊറുക്കുമായിരിക്കും എന്നുള്ള മൂഢവിചാരം മനസ്സിൽ ജനിപ്പിച്ചുകൊണ്ടു കഠിന തപസ്സു ചെയ്വാൻ നിശ്ചയിച്ചു. ഇതിന്റെശേഷം ഒരു സന്യാസാശ്രമത്തിൽ കൂടുവാൻ ചെല്ലുകയും, ആശ്രമവാസികൾ ഈയാളുടെ കീർത്തിനിമിത്തം സസന്തോഷം ഈയാളെ കൈക്കൊള്ളുകയും ചെയ്തു. അവിടെ ഉപവാസം, ചമ്മട്ടിയടി മുതലായ കഠിന തപഃക്രിയകൾകൊണ്ടു തന്റെ ശരീരത്തെ ഉഗ്രമാംവണ്ണം പീഢിപ്പിച്ചിരുന്നു. കടശി മരണനേരമായപ്പോൾ ചട്ടപ്രകാരം കുമ്പസാരവും കഴിച്ചു. എന്നാൽ മേൽ പറഞ്ഞ പാപം ലജ്ജനിമിത്തം ഈ കുമ്പസാരത്തിലും വെളിപ്പെടുത്തിയില്ല. ഇതിന്റെ ശേഷം അന്ത്യക്രൂദാശകളും കൈക്കൊണ്ടു മരിക്കയും പുണ്യവാനെപ്പോലെ സംസ്കരിക്കപ്പെടുകയും ചെയ്തു. അടുത്ത രാത്രി ആശ്രമ വിചാരിപ്പുകാരൻ ഈയാളിന്റെ സംസ്കാരസ്ഥലത്തു ചെന്നപ്പോൾ പ്രേതം കുഴിമാടത്തിനു പുറ

ത്തു കിടക്കുന്നതുകണ്ടു വിഷാദത്തോടെ ഭ്രദാനം ചെയ്തു. എന്നാൽ വീണ്ടും രണ്ടു പ്രാവശ്യം ഇപ്രകാരം തന്നെ കണ്ടതുകൊണ്ടു ഈ വിവരം ആശ്രമശ്രേഷ്ഠനോടറിയിച്ചു. ശ്രേഷ്ഠൻ മറ്റു സന്യാസികളോടുകൂടെ പ്രേതത്തിൻപക്കൽ വന്നു "പെലാജിയൂസേ; നീ ജീവിതകാലത്തിൽ എനിക്കു കീഴ്‌വഴങ്ങിയിരുന്നതുപോലെ മരണശേഷം കീഴ്‌വഴങ്ങുക. നിന്റെ ശരീരം വല്ല പ്രത്യേക സ്ഥലത്തു അടക്കണം എന്നു ദൈവം തിരുമനസ്സായിരിക്കുന്നോ എന്നു ദൈവത്തെക്കുറിച്ചെന്നോടു നീ പറക" എന്നറിയിച്ചു. പെലാജിയൂസ് പ്രലാപസ്വരത്തിൽ ഇപ്രകാരം ഉത്തരിച്ചു. ലജ്ജനിമിത്തം കുമ്പസാരത്തിൽ ഒരു പാപം വെളിപ്പെടുത്താതിരുന്നതിനാൽ ഞാൻ നരകത്തിനു വിധിക്കപ്പെട്ടുപോയി. എന്റെ പ്രേതം ഇവിടെനിന്നെടുത്തു അശുദ്ധക്കുഴിയിൽ എറിഞ്ഞുകളയണം. കൂടാതെയും എന്റെ നാവിന്മേൽ ഇരിക്കുന്ന തിരു ഓസ്തിയും എടുത്തുകൊൾക. പെലാജിയൂസ് ചാവുദോഷം ചെയ്തശേഷം മിശിഹാ നിശ്ചയിച്ചപ്രകാരം, തന്റെ പാപത്തെ ഏറ്റുപറയാതിരുന്നതുകൊണ്ടു ഇത്ര നിർഭാഗ്യനായിത്തീർന്നു.

Y.ാ൭ .2

## വടക്കെ ഇൻഡ്യയിൽനിന്നു ഒരു വേദപ്രചാരകൻ എഴുതുന്നതു്.

ദൈവതൃക്കരങ്ങളിൽ ഒരു ബലക്ഷയപ്പെട്ട ആയുധമായ വേദപ്രചാരകൻ തന്റെ പ്രാപ്തിയെക്കുറിച്ചും ദൈവത്തിലേക്കു ആത്മാവുകളെ തിരിക്കുന്നതിന്നു തനിക്കുള്ള എളിവുള്ള അനുഗ്രഹത്തെക്കുറിച്ചും പൂർണ്ണബോദ്ധ്യമുള്ളവനാകുന്നു. തന്നിമിത്തം അയാൾ സഹജമായി ദൈവമനോഗുണങ്ങളെ പ്രദാനം ചെയ്യുന്നവളുടെ നേരെ തിരിഞ്ഞു പറയുന്നതായതു് "നിന്നെക്കൂടാതെ യാതൊന്നും ചെയ്യുവാൻ ഞാൻ അശക്തനാകകൊണ്ടു ഓ അമ്മെ എന്നെ സഹായിക്കേണമെ." അദ്ദേഹം ബുദ്ധിമുട്ടിലും ദുഃഖാപത്തുകളിലും കൈയിൽ ജപമാലപിടിച്ചു "നന്മനിറഞ്ഞ മറിയം" എന്ന നമസ്കാരം എത്തിക്കുന്ന ഭാവത്തിൽ ആണ് കാണപ്പെടുന്നത്. മറിയത്തിന്റെ സഹായം പലപ്പോഴും നമുക്കൊഴിച്ചുകൂടാത്തതാണെന്നു താഴെ പ്രസ്താവിക്കുവാൻ പോകുന്ന സംഭവം നമ്മെ തെളിപ്പെടുത്തുന്നു.

ഞാൻ ഈയിടെ മാനസാന്തരപ്പെടുത്തിയിട്ടുള്ളവരിൽ ഒരാളായ അസ്സംഷ്യൻ ഡിസ്ജി ഇപ്പോൾ വളരെ ഭാഗ്യദശയിൽ ആണ് സ്ഥിതിചെയ്യുന്നതെങ്കിലും പരിതാപകരമായ ഒരു ജീവിതം കഴിച്ചതുകൊണ്ടു അവൾ ഒരിക്കൽ ദുർഭഗയായിരുന്നു. കാവ്യമഠത്തിൽ ജീവിച്ചുവന്ന അവളും അവളുടെ മാതാവും ദൈവമനോഗുണങ്ങൾക്കു പ്രതികൂലമായിട്ടാണു വസിച്ചുവന്നിരുന്നത്. ഒടുവിൽ അവൾക്കു ഒരു ഭയങ്കരദീനം പിടിപെട്ടു. തന്നിമിത്തം പല പീഡകൾ സഹിക്കയും മുപ്പതാമത്തെ വയസ്സിൽ തന്റെ ഇഹലോകജീവിതം തന്നെ അവസാനിച്ചേക്കുമെന്നുള്ള ഘട്ടത്തിൽ എത്തുകയും ചെയ്തു.

അവളുടെ ശരീരത്തിന്നെന്നതിനേക്കാൾ അധികം സൂക്ഷമായ എന്റെ പരിപാലന അവളുടെ ആത്മത്തിന്നു ആവശ്യമായിരുന്നു. ജ്ഞാനസ്നാനത്തെക്കുറിച്ചു അവളോടു പറവാൻ ഒക്ക യാതൊരു അവസരവും ഞാൻ ഉപേക്ഷിച്ചില്ല. എത്രയോ പ്രാവശ്യം അവളെ ഞാൻ വൃഥാ സന്ദർശിച്ചു. അവളുടെ തിരസ്കാരത്തിനു ഞാൻ വിഷയീഭവിച്ചിട്ടുണ്ടു! അനേക ദിവസത്തേക്കു എന്റെ ശ്രദ്ധ മുഴുവനും ഈ പാവപ്പെട്ടവളും ദുർഭഗയുമായ അവളുടെ മേൽ പതിഞ്ഞിരുന്നു. പ്രതിദിനം വൈകുന്നേരം അവളുടെ മാനസാന്തരത്തിന്നായി ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടു അവളുടെ കുടിലിലേക്കു ഞാൻ പോയിരുന്നു. എന്നാൽ എല്ലായ്പ്പോഴും വ്യസനത്തോടും അതൃപ്തിയോടുംകൂടെ മടങ്ങുന്നതിന്നു ഞാൻ നിർബന്ധിതനായി. വലിയ ശക്തിയേയും പുത്രവാത്സല്യത്തേയും സമയോചിതമായി പ്രദർശിപ്പിക്കുന്ന പരിശുദ്ധ ദൈവമാതാവിന്റെ സഹായമല്ലാതെ മറ്റു യാതൊന്നും അവളെ സംബന്ധിച്ചിടത്തോളം ശേഷിച്ചിരുന്നില്ല. "നിന്റെ സങ്കേതം തേടിയിട്ടു കൈ

കൊള്ളപ്പെടാത്തവർ ആരുണ്ട്?" എന്ന് ശുദ്ധ ബെർണ്ണാർദ് ചോദിക്കുന്നു.

ഇവിടെ ഈ ആശ്വാസജനകമായ വചനത്തിന്നു ഒരു പുതിയ തെളിവു കൂടെ ഉണ്ട്. എന്തുകൊണ്ടെന്നാൽ എന്റെ അപേക്ഷയുടെ ഫലം ഞാൻ ആശിച്ചിരുന്നതിൽ അധികമായിരുന്നു. പരിശുദ്ധ മറിയത്തെ ഈ കാര്യം ഭരമേല്പിച്ചതിന്റെശേഷം ഒരു ദിവസം രാവിലെ എന്റെ ഉപദേശി എന്റെ പക്കൽവന്ന്, ദീനക്കാരത്തി ജ്ഞാനസ്നാനം കൈക്കൊള്ളുവാൻ ആഗ്രഹിച്ചപേക്ഷിക്കുന്നു എന്നു പറഞ്ഞു. പെട്ടെന്നുള്ള ഈ സംഭവം എന്നെ ആനന്ദഭരിതനാക്കിത്തീർത്തു. പിന്നീടെനിക്കുണ്ടായ അദ്യവിചാരം വിശുദ്ധ മറിയത്തെപ്പററിയായിരുന്നു. അവിടത്തെ ദയാധിക്യത്തെകണ്ടു ഞാൻ അത്യന്തം സന്തോഷിച്ചു. അമ്മയ്ക്കു എങ്ങിനെ ഞാൻ ഉപകാരസ്മരണചെയ്യേണ്ടു എന്നു ഭ്രമിച്ചുനിന്നുപോയി. കിട്ടിയ അവസരത്തെ നഷ്ടമാക്കാതെ ദൈവാനുഗ്രഹത്തെ ഫലപ്രദമാക്കിത്തീർക്കുന്നതിന്നായി ഞാൻ അവളുടെപക്കലേക്കു ധൃതഗതിയിൽ പുറപ്പെട്ടുപോയി. ഇങ്ങിനെയുള്ള അവസരങ്ങളിൽ തോന്നുമാറുള്ള സന്തോഷവും സമാധാനവുമുള്ള മുഖത്തോടെ ഞാൻ ചെന്ന്, കാലാനുചിതമായി അഥവാ ന. കർത്താവു തോന്നിച്ചതുപോലെ അവളോടു സംസാരിച്ചുതുടങ്ങി. അവളുടെ മനസ്സിനെ ഉറപ്പിക്കുന്നതിന്നു ദൈവത്തെയൊ ജ്ഞാനസ്നാനത്തെയൊ സംബന്ധിച്ചു യാതൊന്നും പറയാതെ അവളുടെ ശരീരസൌഖ്യത്തെപ്പററിയാണ് ആദ്യം ചോദിച്ചതു. എന്റെ ചോദ്യങ്ങൾക്കു മറുപടി പറഞ്ഞിരുന്നതിനിടയ്ക്കു അവൾ എന്നെ തടുത്തുകൊണ്ടു ഇപ്രകാരം പറഞ്ഞു. "അച്ചാ, ഞാൻ ജ്ഞാനസ്നാനംകൈക്കൊള്ളുവാൻ ആഗ്രഹിക്കുന്നു." അവളുടെ ഈ അപേക്ഷമൂലം എനിക്കുണ്ടായ സന്തോഷത്തെ എളുപ്പത്തിൽ അവൾക്കു മനസ്സിലാക്കുവാൻ പാടുണ്ടായിരുന്നു എന്നാണെനിക്കുതോന്നുന്നതു. മാത്രമല്ല അവളുടെ മനോനിശ്ചയത്തെ പൂർവ്വാധികം സ്ഥിരപ്പെടുത്തുവാനായി പുറമെയുള്ള അടയാളങ്ങളാൽ അവൾക്കതിനെ അറിയിക്കുന്നതിന്നു യഥാശക്തി ഞാൻ ശ്രമിച്ചുമിരുന്നു. ആഗസ്റ്റ് ൧൫-ാനു- *പരിശുദ്ധകന്യകയുടെ തിരുനാളിൽ നമ്മുടെ ഡിൻജി ജ്ഞാനസ്നാനം കൈക്കൊള്ളുകയും അസ്സംപ്ഷ്യൻ എന്ന നാമം സ്വീകരിക്കുകയും ചെയ്തു. ആ സുദിനത്തെ ഇപ്പോഴും ഞാൻ നന്നായി ഓർമ്മിക്കുന്നുണ്ട്. ന. ദീനക്കാരിയുടെ മുഖത്തു സന്തോഷവും സമാധാനവും ഒരുപോലെ സ്ഫുരിച്ചിരുന്നു. നിഷ്കളങ്കനായ ഒരു ശിശുവെന്നു തോന്നപ്പെടുവാൻ തക്കവണ്ണമുള്ള നിഷ്കപടഹൃദയത്തോടും പുഞ്ചിരിയോടുംകൂടിയാണ് കാണികൾക്കു അവൾ പ്രത്യക്ഷയായിരുന്നതു. അവളുടെ ആത്മവ്യാധി സുഖമായതിനോടുകൂടെ തന്നെ അവളുടെ ശരീരരോഗവും സൌഖ്യമായി. ഇപ്പോൾ ന. അസ്സംപ്ഷ്യൻ മനുഷ്യ മുഖത്തെ വകവക്കാതെ അവളുടെ വിശ്വാസത്തെ വെളിപ്പെടുത്തുകയും ദൈവപ്രമാണങ്ങളും പള്ളിയുടെ കല്പനകളും ശരിവരെ നിറവേറുകയും ചെയ്യുന്ന മഹാതീക്ഷ്ണമുള്ള ഒരു കത്തോലിക്കയായി ജീവിക്കുന്നു. അവളുടെ മാനസാന്തരം പാപികൾക്കു ശരണവും നരകത്തിന്നു ലജ്ജയും ദൈവത്തിന്നും പാപികളുടെ സങ്കേതമായ പരിശുദ്ധ മറിയത്തിന്നും നിത്യസ്തുതിയുമായി ഭവിക്കട്ടെ.

.ഠ്ഠ . ട

---

## മകരമാസത്തെ ഓരോ തീയതികളിലേക്കും വി. പിതാക്കന്മാരുടെപ്രബന്ധങ്ങളിൽ നിന്നെടുത്ത സാരോപദേശങ്ങൾ

൧. സ്വർഗ്ഗീയനന്മകളെ ആഗ്രഹിക്കുന്നവൻ അനിത്യഭാഗ്യങ്ങളെ വെറുക്കുന്നു.

൨. നിത്യരക്ഷയ്ക്കായി വിനിയോഗിക്കാത്ത സമയം എന്നേക്കും നഷ്ടീഭവിക്കുന്നു.

൩. ലൌകികഭാഗ്യംകൊണ്ടു വശളാക്കപ്പെടാത്തവൻ ഏതുവക അനർത്ഥങ്ങൾകൊണ്ടും ചഞ്ചലപ്പെടുന്നില്ല.

൪. ജഡത്തിന്റെ അല്പകാലത്തെ

സന്തോഷകരമായ ജീവിതം മൂലം നിത്യകാലത്തേക്കു ആത്മാവു നഷ്ടപ്പെടുന്നു.

൫. നിത്യനന്മകളെ കാൎയ്യമായി മതിക്കുന്നവന്നു് അനിത്യമായ അനൎത്ഥങ്ങൾ നിസ്സാരങ്ങളായി കാണപ്പെടുന്നു.

൬. നീതിയെപ്രതി പീഡ സഹിക്കുന്ന നല്ലവൎക്കു അത്രസ്സും ധാരാളമായി നിത്യസമ്മാനം ലഭിക്കും.

൭. ലൌകിക ജീവിതത്തിലെ സമ്പൂൎണ്ണത, സ്വൎഗ്ഗീയധനങ്ങളുടെ ചിന്തയാൽ പരിശുദ്ധന്മാൎക്കു ദുൎഭിക്ഷമായി തോന്നുന്നു.

൮. ദുൎഗ്ഗുണങ്ങൾ പലപ്പോഴും സുകൃതത്തിന്റെ വേഷം ധരിക്കുന്നു.

൯. അമിതമായ കോപം ചിലപ്പോഴൊക്കെ ന്യായമായ ശാസനയായി വിചാരിക്കപ്പെടുന്നു.

൧൦. കുററക്കാരെ ശിക്ഷിക്കുന്നതിലുള്ള അധൈൎയ്യം ദയയായി വിചാരിക്കപ്പെടുന്നതിനും ആഗ്രഹിക്കുന്നവരുണ്ടു്.

൧൧. ഭീരുത്വം എളിമയായി കരുതപ്പെടുവാൻ ആഗ്രഹിക്കുന്നവരും ഇല്ലാതില്ല.

൧൨. അന്യന്മാരെപ്പററിയുള്ള ഊഹമായ വിധി കടപ്പെട്ട ജോലിയായി ചിലൎക്കു തോന്നുന്നു.

൧൩. അദ്ധ്വാനങ്ങളെ ഭയന്നു മാറുന്നതു് സ്ഥാനമാനങ്ങളെ വിട്ടൊഴിയുകയാണെന്നു ധരിപ്പിക്കുന്നതിനു ആഗ്രഹമുള്ളവരും ഒട്ടും കുറവല്ല.

൧൪. അമിതമായ ലഘുഭാവം സൌമ്യശീലം സ്വീകരിക്കപ്പെടുന്നതിനും ചിലർ ആഗ്രഹിക്കുന്നു.

൧൫. ഐഹിക സന്തോഷം, ദൈവികാശ്വാസത്തോടു താരതമ്യപ്പെടുത്തിയാൽ കൈപ്പാകുന്നു.

൧൬. സ്വന്ത ദുൎഗ്ഗുണങ്ങളെ അടക്കുവാൻ ആഗ്രഹിക്കുന്നവൻ സുകൃതത്തിന്റെ ,ആയുധങ്ങളാൽ തന്നെത്തന്നെ ബലപ്പെടുത്തുവാൻ ആവശ്യമായിരിക്കുന്നു.

൧൭. അനദ്ധ്വാനം നിരൎത്ഥകങ്ങളുടെ മാതാവും സുകൃതങ്ങളുടെ രണ്ടാനമ്മയുമാകുന്നു.

൧൮. ദൈവസ്നേഹം സദാ പ്രവൃത്തിക്കുദ്യമിപ്പിക്കുന്നു.

൧൯. സാക്ഷാലുള്ള ദൈവസ്നേഹം വാക്കിലല്ല പ്രവൃത്തിയിലത്രേ അടങ്ങിയിരിക്കുന്നതു്.

൨൦. ദൈവത്തെ സ്നേഹിക്കുന്നവൻ അനൎത്ഥങ്ങളെ സസന്തോഷം സഹിക്കുന്നു.

൨൧. വിനയമുള്ളവരെ സൌമ്യതയോടും ലജ്ജയില്ലാത്തവരെ കഠിനമായും ശാസിക്കേണ്ടതാകുന്നു.

൨൨. പാപത്തിൽ സ്ഥിരമായി നില്ക്കുന്നവരെ കഠിനമായി ശിക്ഷിക്കേണ്ടതുപോലെ അനുതാപികൾക്കു എളുപ്പത്തിൽ മോചനം കൊടുക്കേണ്ടതുമാകുന്നു.

൨൩. ലാഭത്തെ ഇച്ഛിക്കുന്നവൻ നഷ്ടത്തെ ഭയപ്പെടുന്നു.

൨൪. നീതി മുഖപ്രീതി നോക്കാതെ സത്യത്തെ ഗൌനിക്കുന്നു.

൨൫. ലൌകിക സ്നേഹം ദൈവസ്നേഹത്തിന്നു പ്രതിബന്ധമാകുന്നു.

൨൬. ഈ പ്രപഞ്ചത്തിലെ ഭാഗ്യങ്ങളൊക്കയും മായവും ഇല്ലായ്മയുമാകുന്നു.

൨൭. ഇഹത്തിൽ എല്ലായിടത്തും പാപങ്ങളധികവും നീതിയും ന്യായവും ദുൎല്ലഭവുമാണു്.

൨൮. ഈ പ്രപഞ്ചം പലരെ വഞ്ചിക്കുന്നു. അതും വഞ്ചിക്കപ്പെടുന്നു.

൨൯. എങ്കിലും പലരും സത്യവാനും വിശ്വസ്തനുമായ ദൈവത്തേയും മിശിഹായേയും കാൾ വഞ്ചകനായ ലോകത്തേയും ചതിയനായ പിശാചിനേയും കൂടുതലായി വിശ്വസിക്കുന്നു.

൩൦. അദ്ധ്വാനം ദുഷ്ടമായ വ്യാപാരത്തെ ശിഷ്ടമാക്കുന്നു.

൩൧. പശ്ചാത്താപികളുടെ ബാഷ്പങ്ങൾ ദൈവദൂതന്മാരുടെ വീഞ്ഞാകുന്നു.

## ഒരു സ്തുത്യൎഹമായ ക്ഷണക്കത്തു്.

അമേരിക്കയിലെ ഐക്യനാടുകളിൽ റീച്ചുമോണ്ടു് എന്ന നഗരത്തിലുള്ള വി. യൌസേപ്പുപിതാവിന്റെ ദേവാലയത്തിൽ സ്ഥാപിതമായ തിരുനാമത്തിൻ സഖ്യതയുടെ ആത്മപാലകനായ ഫാദർ തോബിൻ തന്റെ കീഴിലുള്ള ഓരോരുത്തൎക്കും മാസത്തിലൊരിക്കൽ താഴെ വരുംപ്രകാരം ഒരു ക്ഷണക്കത്തയച്ചുവരുന്നു.

പ്രിയമാന്യരെ,

ഒരു കത്തോലിക്കനെന്ന നിലയിൽ നമ്മുടെ കത്താവീശോമ്ശീഹായോടു മററുള്ളവരെക്കാൾ അധിക സ്നേഹബഹുമാനം കാണിപ്പാൻ താങ്കൾക്കു കടമുണ്ട്. ഈ നാഥനിലുള്ള താങ്കളുടെ വിശ്വാസത്തെ പരസ്യമായി കാണിച്ചുകൊണ്ടത്രെ ഈ സ്നേഹബഹുമാനത്തെ പ്രത്യക്ഷപ്പെടുത്തേണ്ടതു്. ഇതിന്നുള്ള ഉത്തമമാർഗ്ഗം വി. കുർബാനവഴിയായി അങ്ങേ ഉൾക്കൊള്ളുകയാകുന്നു.

അവിടുന്നു നിന്നെ സ്നേഹിക്കുന്നതിനാൽ തൻെറ പക്കൽ ചെല്ലുന്നതിനു നിന്നെ ക്ഷണിക്കുന്നു. അവിടുന്നു നിന്നെ സ്നേഹിക്കാത്തപക്ഷം താൻ നിന്നെക്കുറിച്ചു ഇത്ര ചിന്താകുലപ്പെടുകയില്ലായിരുന്നു. നീ ഒരു നിർഭാഗ്യപാപിയായിരിക്കയാൽ നിന്നെ സഹായിക്കണമെന്നത്രെ അങ്ങേ ആഗ്രഹം. വേറെ യാതൊരുവനും നിന്നെ സഹായിപ്പാൻ ശക്തിയില്ലെന്നും, അവിടുന്നു നിന്നെ സഹായിക്കാത്തപക്ഷം നീ നിൻെറ ആത്മാവിനെ നഷ്ടമാക്കുമെന്നും അവിടത്തേക്കു അറിയാം.

അടുത്ത ഞായറാഴ്ച നിങ്ങളുടെ നിശ്ചിതവും പതിവുമായുള്ള കുർബാനകൈക്കൊള്ളപ്പാടിൻെറ അവധിയത്രെ. മാസത്തിൽ ഒരിക്കലെങ്കിലും ദിവ്യകാരുണ്യസ്വീകരണത്തിന്നായി വരുവാറാകണം. ആയതു നീ ഭക്തനെന്നു അറിയിക്കപ്പെടുവാനല്ല; പിന്നെയൊ പൈശാചികപരീക്ഷകളെ ജയിക്കുന്നതിന്നു വേണ്ട സഹായം ഈശോയിൽനിന്നു നിനക്കു ലഭ്യമാകുന്നതിനു വേണ്ടിമാത്രമാകുന്നു. ക്ഷീണിച്ചു തളന്നിരിക്കുന്ന നിൻെറ ഹൃദയത്തോടു സംസാരിപ്പാനും കലങ്ങിവശായിരിക്കുന്ന നിൻെറ ബോധത്തെ പ്രകാശിപ്പിക്കുന്നതിന്നുംകൂടെ ന. കത്താവാഗ്രഹിച്ചിരിക്കുന്നു.

പീഠങ്ങളിന്മേൽ പരിശുദ്ധതമ കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോ വാഴ്ത്തപ്പെട്ടവനാകട്ടെ.

പ്രിയ വായനക്കാരെ, നമ്മുടെ വാത്സല്യ രക്ഷകനായ മ്ശിഹാ നമ്മിൽ ഓരോരുത്തരിൽനിന്നും അഗ്രഹിക്കുന്നതു ഇതുതന്നെയാകുന്നു. ആകയാൽ ഈ വന്ദ്യഗുരുവിൻെറ ക്ഷണമനുസരിച്ചു നാമും പ്രവത്തിച്ചുവരുന്നതായാൽ ആയതു നമ്മുടെ കത്താവിന്നു വളരെ പ്രസാദിക്കുന്നതും നമുക്കു ആത്മശരീരസംബന്ധമായി ആവശ്യമായിരിക്കുന്ന നിരവധി ദാനങ്ങൾ അങ്ങേ തൃക്കയ്യിൽനിന്നു ധാരാളമായി ലഭിക്കുന്നതിന്നു ഒരു മാർഗ്ഗമായിരിക്കുന്നതുമാകുന്നു.

ܡ. ܐ. ܠܚܐ.

---

## വിശുദ്ധ ചെച്ചീലിയാ.

(തുടർച്ച.)

X.

സകലതും നിർവ്വഹിക്കപ്പെടുകയും, ചെച്ചീലിയായുടെ ഈലോകകൃത്യം അവസാനിക്കുകയും ചെയ്യപ്പോൾ, അവളുടെമേൽ ആരോപിതങ്ങളായ കുററങ്ങൾക്കു മറുപടി പറയുന്നതിനായി അൽമാക്കിയസിൻെറ മുമ്പാകെ ഹാജരാകണമെന്നു കല്പനയുണ്ടായി. അതനുസരിച്ചു അവൾ പോകുകയും ചെയ്തു. അവളുടെ വിസ്താരത്തിൻെറ വിവരണം വളരെ വിശേഷമാണ്; അതു മിക്കവാറും ദൃക്സാക്ഷികൾതന്നെ എഴുതിയെടുത്തതായിരിക്കണം. കൂടാതെ, അവളുടെ സഹജീവികളുടെ അഭിപ്രായയോജ്യതയാലും, അക്കാലത്തു പ്രചരിച്ചിരുന്ന ചില ദേശനടപ്പുകൾ അതിൽ അടങ്ങിയിരിക്കകൊണ്ടും പ്രസ്തുത വിവരണം വാസ്തവമെന്നുതന്നെ തീർമാനിക്കേണ്ടിയിരിക്കുന്നു.

ദീർഘമായ ഒട്ടുവളരെ ഒരുക്കങ്ങൾക്കുശേഷം സാധാരണ പതിവുള്ള ഒരു ചോദ്യത്തോടുകൂടി വിസ്താരം ആരംഭിച്ചു. ചെച്ചീലിയായെ റോമായിലുള്ള സകല ജനങ്ങളും അറിഞ്ഞിരുന്നതുകൊണ്ട്, ആദ്യത്തെ ചോദ്യം അനാവശ്യമെന്നു അവർ വിചാരിക്കുകയും, സാധാരണ കുററക്കാരെപ്പോലെ മൃദുവായി വളത്തപ്പെട്ട ഈ പെൺകുട്ടിയെ വിസ്താരത്തിനു കൊണ്ടുവരുന്നതുകണ്ട് ജനങ്ങളിൽ ഒരു ക്ഷോഭം കടന്നുകൂടുകയും ചെയ്തു.

ചെച്ചീലിയായെ ഇതിനുമുമ്പു കണ്ടിട്ടില്ലായിരുന്ന അൽമാക്കിയസ്. ഏസ്വവും മൃദുവും ആയ അവളുടെ ശരീരം കണ്ടപ്പോൾ അത്ഭുതചിത്തനായിത്തീന്നു; അവൾ വിവാ

ഹം കഴിഞ്ഞ ഒരു സ്ത്രീ ആയിരുന്നുവെന്ന കഥ അൽമാക്കിയസ് വിസ്മരിച്ചുപോയി എന്നു അയാളുടെ ചോദ്യത്തിൽനിന്നുതന്നെ മനസ്സിലാക്കാം.

"കുട്ടീ! നീ ആരാണ്?"

"എന്നെ എല്ലാവരും ചെച്ചീലിയാ എന്നാണു വിളിക്കുന്നതു്. പക്ഷേ കൂടുതൽ മാഹാത്മ്യമുള്ള —ക്രിസ്ത്യാനി എന്ന— ഒരു പേർ എനിക്കുണ്ടു്."

"നിന്റെ സ്ഥാനമെന്തു്."

"കീർത്തിയും മാനവുമുള്ള കുടുംബാംഗമായ ഒരു റോമൻപ്രജ."

"അതു നമുക്കറിയാം; നിന്റെ മതത്തെക്കുറിച്ചാണു ചോദിച്ചതു്."

"ഒരു ചോദ്യത്തിനു, യാതൊരു സംബന്ധവുമില്ലാത്ത രണ്ടുത്തരങ്ങൾ ആവശ്യമായിരുന്നതുകൊണ്ടു് നിങ്ങളുടെ ചോദ്യംതന്നെ അബദ്ധമാണ്."

ചെച്ചീലിയായുടെ തത്വവാദം എത്ര ന്യായങ്ങളില്ലാത്തതുതന്നെയായിരുന്നു. അൽമാക്കിയസു് ക്ഷോഭം പ്രദർശിപ്പിച്ചുതുടങ്ങി. അവളുടെ അന്ധതയേക്കുറിച്ചു അവളെ അയാളധിക്ഷേപിച്ചു, തന്റെ അധികാരത്തെ പുലർത്തി, ശാസനമൂലം അവളെ ഭയപ്പെടുത്തി, കള്ളദേവന്മാരുടെ അസ്തിക്യത്തേയും അവരോടെതിർക്കുന്നവരെ ശിക്ഷിക്കുന്നതിനവർക്കുള്ള ശക്തിയേയുംകുറിച്ചു വാദപ്രതിവാദത്തിനൊരുമ്പെട്ടു; ഈസമയത്തെല്ലാം ഉൽകൃഷ്ട വിദ്യാഭ്യാസവും ബുദ്ധിവിശാലതയും ഉള്ള ഈ പെൺകുട്ടി, ഒരു മാലാഖായെപ്പോലെ ശാന്തതയോടും, ദൈവത്തിൽ പൂർണ്ണശരണത്തോടുംകൂടി, കാണികൾ അത്ഭുതപ്പെടുകയും പഠിക്കുകയും ബഹുമാനിക്കുകയും ചെയ്യത്തക്കവണ്ണം ഗവർണ്ണരെ തീരെ തോല്പിച്ചിരുന്നു. തനിക്കു ന്യായങ്ങളില്ലാതായിരിക്കുന്നുവെന്നു കണ്ടതിനാൽ അൽമാക്കിയസു വലിയ കുഴപ്പത്തിലായി. അവസാനം ചെച്ചീലിയാ പറഞ്ഞു: "അകാരണമെന്നോ ന്യായരഹിതമെന്നോ ഞാൻ തെളിയിക്കാത്തതായ യാതൊന്നും നിങ്ങൾ ഇന്നു വാതുറന്നുച്ചരിച്ചിട്ടില്ല." കേസുനടത്തുന്ന ഒരു വക്കീലിനെപ്പോലെ ശാന്തതയോടും ചുരുക്കമായിട്ടും കാറ്റുകളുടെ വിഗ്രഹങ്ങളുടെ നശ്വരാവസ്ഥയേക്കുറിച്ചുള്ള തെളിവുകൾ അവൾ വിസ്തരിച്ചു; "മരണത്തിൽനിന്നും കുററക്കാരെ നിത്യശിക്ഷയിൽനിന്നും രക്ഷിക്കുന്നതിനു മ്ശിഹാ കർത്താവുമാത്രമേ ശക്തനാകുകയുള്ളൂ" എന്നു വിളിച്ചറിയിച്ചുകൊണ്ടു് അവളുടെ സംഭാഷണം അവസാനിപ്പിച്ചു.

കുറേ സമയത്തേക്കു അവിടെ വ്യാപിച്ചിരുന്ന നിശ്ശബ്ദതയിൽ, ജനക്ഷോഭവും പരസ്യമായ അറിവും കൂടാതെ, ചെച്ചീലിയായുടെ ജീവനെ അവസാനിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അൽമാക്കിയസ് ആലോചിച്ചിരുന്നു. അലക്സാണ്ടർകൂടെയും ആരാധിക്കുകയും ബഹുമാനിക്കുകയും ചെയ്തുപോന്നിരുന്ന ദേവന്മാരുടെ അപമാനത്തിൽ അവസാനിച്ച ഒരു വിസ്താരം നടത്തുകയും റോമാനിവാസികൾ ഒന്നുപോലെ സ്നേഹിച്ചിരുന്ന ഒരു മാന്യയുവതിയെ പരസ്യമായി അധിക്ഷേപിക്കുകയും ചെയ്തതിന്, ചക്രവർത്തി അയാൾക്കു നൽകുവാനിരുന്ന ശാസനകൾ ഓരോന്നായി അയാളുടെ മനസ്സിൽ അങ്കുരിച്ചു. ശത്രു, അവളുടെ അവസാനത്തെ അന്വേഷിച്ചിരുന്നപ്പോൾ, ചെച്ചീലിയാ മൌനത്തെയും അവലംബിച്ചിരുന്നു.

ഒടുവിൽ സമീപത്തു നിന്നിരുന്ന ഉദ്യോഗസ്ഥന്മാരോടു് അൽമാക്കിയസ് എന്തോ മന്ത്രിച്ചു. റോമായിൽ സ്ത്രീകൾ തെരുവിൽകൂടി നടന്നുകൂടെന്നു നിശ്ചയമുണ്ടായിരുന്നതനുസരിച്ച്, മൂടുപടമിട്ട ഒരു വാഹനത്തിലാണ് ചെച്ചീലിയാ വന്നിരുന്നതു്. അവളുടെ വിശ്വസ്ത ശിഷ്യർ, അസഹ്യമായ പരിതാപത്തോടുകൂടി ചെച്ചീലിയായെ വഹിച്ചുകൊണ്ടു്, അനവധി കാവൽപടയാളികളുടെ ഇടയിൽ ഒരു കൊട്ടാരത്തിലേക്കു യാത്രയായി. അവളെ വധിക്കുന്നതിനു തയ്യാറായിരുന്ന ഭടന്മാരും ഈ ഘോഷയാത്രയിൽ ഉണ്ടായിരുന്നു. പെട്ടെന്നു കഠിനമായ ഒരു ചൂടു തോന്നുകയാൽ ജനങ്ങൾ പിറകോട്ടൊന്നു ഞെട്ടി. മുൻഭാഗത്തായി ഒരു ബ്രഹ്മാണ്ഡ കെട്ടിടം അവർ കണ്ടു. ഇതിന്റെ ഒരു ഭാഗത്തു തീച്ചൂളകൾ നിരനിരയായുണ്ടായിരുന്നു അവയിൽനിന്നു പുറപ്പെട്ട ആവി മുഴവൻ ആ മുറിയിലേക്കു കടത്തിവിടത്തക്കവിധം കുഴലുകളും മററും തയ്യാറാക്കിയിരുന്നു. കൂടാതെ, അതിനകത്തും ചൂളകൾ ധാരാളമുണ്ടായിരുന്നു. ഈ ചൂളകളെല്ലാം എരിഞ്ഞു അവയിൽനിന്നു പുറപ്പെട്ടിരുന്ന ആവി ആ മുറിയെ തിക്കി നിറച്ചു. ആവി അധികമാകുമ്പോൾ അതിന്റെ കഠിനം കുറയ്ക്കുന്നതിനു മുകളിൽ ഒരു വാതിലുണ്ടായിരുന്നതു അതി സൂക്ഷ്മതയോടെ അട

ച്ചിരുന്നു. ചെച്ചീലിയായെ മുമ്പോട്ടു കൊണ്ടു ചെന്നു്, മുറിയുടെ വാതിൽ തുറന്നു അകത്തേക്കു കയററി; ആ അവസരത്തിൽ ചെച്ചീലിയായുടെ മുഖത്തു് അസാധാരണസന്തോഷം സ്ഫുരിച്ചു. അവളെ അകത്തു കയററിയ ഉടനെ വാതിൽ അടച്ചു പൂട്ടുകയും, കെട്ടിടത്തിൻെറ പുറത്തും മുററത്തുമായി നിലവിളിച്ചുകൊണ്ടു നിന്നിരുന്ന ജനങ്ങളിൽ ഒരുത്തരും അവളെ ഇറക്കിവിടുകയൊ, അവളോടുകൂടി ദഹിക്കുന്നതിനു ശ്രമിക്കുകയോ ചെയ്യാതിരിക്കുന്നതിനു്, കാവൽസൈന്യങ്ങളെ സ്ഥാപിക്കുകയും ചെയ്തു. ആ ദിവസം പകലും രാത്രിയും ദുഷ്ടസൈന്യങ്ങൾ ഇടവിടാതെ ചൂളകളിൽ വിറകുകളടുക്കി ആ മുറിയിൽ വർദ്ധിപ്പിച്ചിരുന്ന ചൂടിൻെറ ആധിക്യത്താൽ കെട്ടിടത്തിൻെറ മാർബിൾ ഭിത്തികൾ തകന്നു പോയേക്കുമോ എന്നുകൂടി ഭയപ്പെട്ടിരുന്നു. പിറേറ ദിവസം സൂര്യപ്രകാശമായപ്പോൾ, യാതൊരു ശബ്ദവും കേൾക്കാതിരുന്നതിനാൽ തങ്ങളുടെ കൃത്യം സ്തുത്യർഹമാംവണ്ണം നിർവ്വഹിക്കപ്പെട്ടുവെന്നു ഒരു തൃപ്തി ഭടന്മാരുടെ മനസ്സിൽ തോന്നി. മരണമുള്ള യാതൊന്നും ആ ചൂളയിൽനിന്നു രക്ഷപെടുകയില്ല.

XI.

ചെച്ചീലിയായും മരണമുള്ള ഒരു ജീവിയാണെന്നു സമാധാനപ്പെട്ടുകൊണ്ടു് അവർ വാതിൽ തുറന്നു. കമനീയമുഖം ആകാശത്തിലേക്കുയർത്തിയും, സ്നേഹത്തിൻെറയും നന്ദിയുടേയും സൂചകമായി നിഷ്കളങ്കകരങ്ങൾ യോജിപ്പിച്ചും, പ്രഭാതകാലത്തുണ്ടാകുന്ന മഞ്ഞുതുള്ളികളാൽ നനയുന്ന റോസപുഷ്പങ്ങൾ പോലെ, ശോഭനീയവും ബലിഷ്ഠവും ആയ ശരീരത്തിൽകൂടി ഒഴുകിയിരുന്ന വിയർപ്പുതുള്ളികളോടുകൂടി ചെച്ചീലിയാ മുട്ടിന്മേൽ നിന്നു പ്രാർത്ഥിച്ചിരുന്നു. ഭയാക്രാന്തരായ സൈന്യങ്ങൾ ഓടിപ്പോയി വിവരം അൽമാക്കിയസിനെ അറിവിച്ചു.

"ഒരു ഭടൻ പോയി അവളുടെ ശിരച്ഛേദം ചെയ്യട്ടെ" എന്നു മാത്രമേ അയാൾ പറഞ്ഞുള്ളു.

ആരോ ഒരാൾ മനസ്സില്ലാമനസ്സോടെയെങ്കിലും, ആ കൃത്യത്തിനു് ഒരുങ്ങി പുറപ്പെട്ടു. ഇപ്രകാരം ദൈവികമായി സംരക്ഷിക്കപ്പെട്ട ഒരാളെ ഉപദ്രവിക്കുന്നതിനു തുനിയുന്നവരുടെമേൽ, ജൂപ്പിററർ അപ്പോളൊ ആദിയായ ദേവന്മാർ കൂടെയും നാശങ്ങൾ യാതൊന്നും വരുത്തുകയില്ലെന്നു വിചാരിച്ചോ എന്തോ? — യാക്കുമെന്നു ഭയമില്ലാത്തവർ വളരെ ചുരുക്കമേ ഉണ്ടായിരുന്നുള്ളു. എങ്കിലും കല്പനകൾ കല്പനകൾ തന്നെ: മെയിമാസത്തിലെ ശാന്തമായ പ്രഭാതത്തിൽ ഒരാൾ ധൃതിയിൽ നടന്നുവരുന്ന ശബ്ദം ആ കെട്ടിടത്തിൻെറ പിൻഭാഗത്തു കേൾക്കപ്പെട്ടു. അൽമാക്കിയസിൻെറ ആജ്ഞാനുസാരം ചെച്ചീലിയായെ അടച്ചിരുന്ന "കലിഡേറിയസ്" കൊട്ടാരത്തിലേക്കു ഇരട്ടക്കയ്യുള്ള ഒരു മഴുവും വീശിക്കൊണ്ടു ഒരാൾ വരുന്നതു കണ്ടയുടനെ ചെച്ചീലിയായുടെ ശിഷ്യന്മാരും ആശ്രിതരും സ്നേഹിതന്മാരുമായ ജനങ്ങൾ നിലവിളിച്ചുതുടങ്ങി. അവളുടെ ഈലോകസമരങ്ങളുടെ വിജയചിഹ്നങ്ങളായിരുന്ന ക്രിസ്ത്യാനികൾ, അവരുടെ മുറവിളികൾക്കിടയിൽ, സ്വർഗ്ഗത്തിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു അവളോടപേക്ഷിച്ചു. അവരെ ആശ്വസിപ്പിച്ചതിൻെറ ശേഷം, പ്രശോഭിതവും അമാനുഷികവുമായ ഒരു പുഞ്ചിരിയോടുകൂടി, മഴുവിന്നിരയാകുന്നതിനായി, നനഞ്ഞുകിടന്ന മാർബിൾത്തറയിൽ ചെച്ചീലിയാ മുട്ടുകുത്തി.

മഴ കയ്യിലെടുത്തപ്പോൾ ആ ഭടൻെറ കൈ വിറച്ചുതുടങ്ങി. മൂന്നു പ്രാവശ്യം അയാൾ അവളുടെ കഴുത്തിൽ വെട്ടി. മൂന്നു തവണയും മഴുവിൻെറ കുഴവരെ അവളുടെ കഴുത്തിലിറങ്ങുകയും മുറിവിൽനിന്നു പുറപ്പെട്ട രക്തത്താൽ, അവളുടെ സ്വർണ്ണഖചിതമായ വസ്ത്രവും മാർബിൾ കതകുകളും വിവർണ്ണങ്ങളായിത്തീരുകയും ചെയ്തു. വ്യസനാക്രാന്തനായിട്ടു അയാൾ ഓടിത്തുടങ്ങി. നാലാം പ്രാവശ്യം വെട്ടുന്നതിനു റോമാനിയമം വിരോധിച്ചിരുന്നു. രക്തം ചിതറിയിരുന്ന മാർബിൾത്തറയിൽ ചെച്ചീലിയാ ചരിഞ്ഞുകിടന്നു. പരിശുദ്ധ പിതാവും മററു ജനങ്ങളും ചുററിലും മുട്ടുകുത്തി പ്രാർത്ഥിച്ചിരുന്നു. അവരോടു വീണ്ടും ചില സംഗതികൾ പറയാനുണ്ടായിരുന്നതിനാൽ, ദൈവത്തോടു പ്രാർത്ഥിച്ചതിനുശേഷം, അവളുടെ വാക്കുകളെ ശ്രദ്ധിക്കണമെന്നു അവരോടാവശ്യപ്പെട്ടു. അവിടെയുണ്ടായിരുന്ന ജനങ്ങളിൽ മിക്കപേർക്കും അവളുടെ ഉപദേശങ്ങളും ആശ്വാസവാക്കുകളും ആവശ്യമുണ്ടായിരുന്നതിനാൽ മഴുവിൻെറ ഭാരത്താൽ വീണുകിടന്നിടത്തുനിന്നു മാറാതെയും കിടന്ന സ്ഥിതിയിൽ നിന്നനങ്ങാതെയും മൂന്നു ദിവസം മുഴുവൻ അവരെ അവൾ ഉപദേശിച്ചു. പട്ടണം മുഴുവൻ ഈ അത്ഭുതംമൂ

ലം ഭയപ്പെട്ടിളകിയിരുന്നതിനാൽ, ചെചീലിയായെക്കുറിച്ച് എന്തെങ്കിലും അന്വേഷിക്കുന്നതിനു ആ വീട്ടിൽ കടന്നു ചെല്ലുവാൻ ഒരുത്തൎക്കും ധൈൎയ്യമുണ്ടായില്ല. തൻമൂലം, അവൾക്കും മററു ക്രിസ്ത്യാനികൾക്കും ഉപദ്രവമൊന്നുംകൂടാതെ അവിടെ താമസിക്കുന്നതിനു സാധിച്ചു.

ഈ അവസരങ്ങളിലെല്ലാം മരണത്തിൻെറ അവസാനയടയാളങ്ങൾ ചെചീലിയായുടെ മുഖത്തു ദൃശ്യങ്ങളായിരുന്നു. അവളുടെ വസ്ത്രങ്ങളെ ചുംബനം ചെയ്യുന്നതിനും, മുറിവുകളെ ശുചിയാക്കുന്നതിനും, അവയിൽ നിന്നൊഴുകിയിരുന്ന വിശുദ്ധ രക്തത്തിൽ അവരുടെ വസ്ത്രങ്ങൾ മുക്കിയെടുക്കുന്നതിനും, ആയി ചുററിലും അടുത്തുകൂടിയ അവളുടെ വാത്സല്യഭിക്ഷുക്കളേയും, ആത്മിക സന്താനങ്ങളേയും കണ്ടയവസരത്തിൽ, സ്വാഭാവികമായ പുഞ്ചിരി അവളുടെ മുഖത്തു തൂകിയിരുന്നു. അവളുടെ അന്ത്യയാചന ദരിദ്രൎക്കു വേണ്ടിയായിരുന്നു. ശേഷിച്ചിരുന്ന അവളുടെ സ്വത്തു ഭിക്ഷുക്കൾക്കു ദാനം ചെയ്യണമെന്നും അവളാജ്ഞാപിച്ചു. അവളിൽ നിന്നു പുറപ്പെട്ട ഓരോ വാക്കും അവസാനത്തേതെന്നു വിചാരിക്കപ്പെട്ടിരുന്നുവെങ്കിലും പ്രസാദമുഖത്തോടുകൂടി അവരെ അനുഗ്രഹിച്ചുകൊണ്ട് പിന്നെയും അവൾ ജീവിച്ചു.

മൂന്നാം ദിവസം രാവിലെ, അടുത്തുനിന്നിരുന്നവരെ ദൂരത്തയച്ചിട്ട്, പരിശുദ്ധ പിതാവിനെ അടുത്തു വിളിച്ചു രണ്ടാളും കൂടി പ്രാൎത്ഥന ആരംഭിച്ചു. കുറെ സമയത്തിനുശേഷം, പിതാവടുത്തു ചെന്ന്, ഭാരമായ മുറിവേററിട്ടും മരിക്കാതിരുന്നതിൻെറ കാരണം എന്തെന്നു രഹസ്യമായി ചോദിച്ചു. ചെചീലിയാ നയനങ്ങളെ ഉയൎത്തിക്കൊണ്ടു പറഞ്ഞു: എൻെറ അവസാന ധനത്തെ— ഞാൻ ആദ്യം മുതൽ പരിപാലിച്ചിരുന്ന നിസ്സഹായരായ പാവപ്പെട്ട ജനങ്ങളെ— അങ്ങേയുടെ സൂക്ഷതയിൽ ഏൾപ്പിക്കുന്നതിനായി മൂന്നു ദിവസം എനിക്കു തരേണമെ എന്നു ഞാൻ കൎത്താവിനോടപേക്ഷിച്ചു. എന്നന്നേക്കും ദൈവത്തെ സ്തുതിക്കുന്നതിനുള്ള ഒരു പ്രാൎത്ഥനാലയമായി എൻെറ വീടിനെ ഞാൻ അങ്ങേക്കു തരികയും ചെയ്യുന്നു."

കൎത്താവ് അവളുടെനേരെ പ്രദൎശിപ്പിച്ച സകല സ്നേഹങ്ങൾക്കും പ്രത്യേകമായി ശുദ്ധതയുടേയും രക്തസാക്ഷിത്വത്തിൻെറയും നിൎമ്മലപുഷ്പങ്ങളാൽ അവളുടെ ജീവിതത്തെ മഹിമപ്പെടുത്തുന്നതിൽ അദ്ദേഹം ചെയ്ത ദയയ്ക്കും അവൾ നന്ദി പറഞ്ഞു. അല്പം ഒരു മന്ദത അവളെ ബാധിച്ചു. അവൾ വീണുകിടന്ന സ്ഥിതിയിൽനിന്നു ഒരിക്കലും മാറിയില്ല. വലത്തുവശം അടിയിലായി ചരിഞ്ഞാണു കിടന്നിരുന്നതു്. പ്രാൎത്ഥനയിൽ യോജിപ്പിച്ചുയൎത്തിയിരുന്ന കരങ്ങൾ അതേ സ്ഥിതിയിൽതന്നെ താഴ്ത്തി, രക്തം പുരണ്ടിരുന്ന വസ്ത്രങ്ങളെ പിടിച്ചിരുന്നു. ദൈവസന്നിധിയിലേക്കു പ്രവേശിക്കുന്ന അവസരത്തിലെ സീമാതീതമായ സന്തോഷം ദൈവം മാത്രം കണ്ടാൽ മതിയെന്നുള്ള വിചാരത്തോടുകൂടി മുഖം തറയിലേക്കു തിരിച്ചുകൊണ്ടു മരണം പ്രാപിക്കയും ചെയ്തു.

## XII.

വിശുദ്ധ ചെചീലിയായുടെ ശവസംസ്കാരത്തിൽ പരിശുദ്ധ പിതാവ് സോത്സാഹം സംബന്ധിച്ചിരുന്നു. സൈപ്രസ് വൃക്ഷത്തിൻെറ തടികൊണ്ടു ഒരു പെട്ടിയുണ്ടാക്കി ഈ പുണ്യവതിയുടെ ശരീരം അതിൽവച്ചു. അവൾ മരിച്ചുകിടന്ന കന്യാത്വലക്ഷണമായ സ്ഥിതിയിൽനിന്ന്, ആ ശരീരത്തെ വ്യത്യാസപ്പെടുത്തുന്നതിനു പരിശുദ്ധ പിതാവനുവദിച്ചില്ല. അതിനാൽ ആദ്യത്തെ കിടപ്പു പോലെ വലത്തുവശം അടിയിലും, മുഖം തറയിലേക്കു തിരിച്ചും അഭിഷിക്തകരങ്ങൾകൊണ്ടുതന്നെ ആ ശരീരം പെട്ടിക്കകത്തെടുത്തുവച്ചു. രക്തത്തിൽ മുങ്ങിയിരുന്ന വസ്ത്രങ്ങൾ ചുരുട്ടി കാൽഭാഗത്തുവച്ച്, സുഗന്ധദ്രവ്യങ്ങളാൽ ആ ശരീരം പൂശിയശേഷം പെട്ടി അടയ്ക്കുകയും ചെയ്തു.

ഈ പുണ്യവതിക്കു മിശിഹായുടെ വിശ്വാസത്തിലുണ്ടായിരുന്ന തൃഷ്ണയെ വെളിപ്പെടുത്തുന്നതിനായി, തൻെറ മുൻഗാമിയും വേദസാക്ഷിയും ആയ വി. സെഫീറിനോസ് മാപ്പാപ്പായെ അടക്കിയിരുന്ന സ്ഥലത്തിനു സമീപത്തായി ഈ ശരീരവും സംസ്കരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പരിശുദ്ധ പിതാവ് ഈ മൃതശരീരത്തെ വിശുദ്ധ കലിക്സ്ററസിൻെറ സിമിത്തേരിയിലേക്കു എടുപ്പിച്ചുകൊണ്ടുപോയി. രാത്രിസമയമായിരുന്നതുകൊണ്ടു ശത്രുക്കളുടെ ശ്രദ്ധയെ ആകൎഷിച്ചതേയില്ല. വലെറിയാനോസിനെ സംസ്കരിച്ചിരുന്ന പ്രിടെക്സ്ററററസിൻെറ സിമിത്തേരിയും അവിടെ അടുത്തു തന്നെയായിരുന്നു. ഭൂമിയിൽ അ

വർ പരസ്പരമുണ്ടായിരുന്ന സ്നേഹത്തെ സൂചിപ്പിക്കുന്നതിന് രണ്ടു സിമിത്തേരികളും യോജിച്ചിരുന്ന സ്ഥലത്തു ചെച്ചീലിയായുടെ ശവക്കടീരം സ്ഥാപിച്ചു. ആര്യന്മാരായ അവിശ്വാസികൾ രണ്ടു ശതാബ്ദങ്ങൾക്കുശേഷം വേദസാക്ഷികളുടെ ശവക്കല്ലറകളിൽ ചെയ്യാനിരുന്ന ഹീനകൃത്യങ്ങളെ ദീർഘദർശനത്താൽ അറിഞ്ഞതിനാലോ എന്തോ, ഈ കല്ലറയെ ഒരു വലിയ കല്ലുകൊണ്ടു മൂടി, യാതൊരടയാളവും കൂടാതെ ഇട്ടിരുന്നു. ഉടൻതന്നെ ഒരടയാളം അവിടെ സ്ഥാപിക്കണമെന്നു അദ്ദേഹം നിശ്ചയിച്ചിരുന്നുവെങ്കിലും, ആ ഉദ്ദേശം സാധിക്കുന്നതിനുമുമ്പ് അദ്ദേഹവും ഈലോകവാസം ഉപേക്ഷിച്ചു. (വേറെ ചില സംശയങ്ങളും പറയാറുണ്ട്: ചെച്ചീലിയായുടെ കല്ലറകൾ മുകളിൽ വച്ചിരുന്ന അടയാളങ്ങൾ ഗോത്തുജാതിക്കാർ നശിപ്പിച്ചുവെന്നും അപ്രകാരം അനേകം കല്ലറകളേയും അവയുടെ അടയാളങ്ങളേയും നശിപ്പിച്ചുവെങ്കിലും, ചെച്ചീലിയായുടെ ശരീരം പിന്നീടു കണ്ടുകിട്ടിയപ്പോൾ യാതൊരുപദ്രവവും ചെയ്യതായി കാണപ്പെട്ടിട്ടില്ല എന്നും ആണ് വ്യത്യസ്താഭിപ്രായം.) ചെച്ചീലിയായെ സ്നേഹിച്ചിരുന്നവർ ആ കല്ലറയുടെ സമീപത്തു വന്നു കരയുന്നതിനും, അവളുടെ പ്രാർത്ഥനയെ യാചിക്കുന്നതിനും ലക്ഷ്യങ്ങൾ ആവശ്യമില്ലായിരുന്നു. തിരുസ്സഭയുടെ സകല ശത്രുക്കളിലുംനിന്നു ഈ കല്ലറയെ സംരക്ഷിക്കുന്നതിനു ദൈവം തിരുമനസ്സായി.

ചെച്ചീലിയായുടെ മൃതശരീരം സംസ്കരിക്കുകയെന്ന ഭക്തികൃത്യത്തിനു പുറമെ, ആ വിശുദ്ധ താമസിച്ചിരുന്ന വീടിനെ ഒരു പ്രാർത്ഥനാലയമാക്കണമെന്നും, തനിക്കുള്ള സ്വത്തുക്കൾ പാവപ്പെട്ടവർ ദാനം ചെയ്യണമെന്നും അവൾചെയ്തിരുന്ന അവസാന യാചനയെ പൂർത്തീകരിക്കുന്നതിനായിട്ടുതന്നെ പരിശുദ്ധ പിതാവിന്റെ ജീവിതത്തെ ദൈവം ദീർഘിപ്പിച്ചുവെന്നു തോന്നുന്നു. ഈ ജോലികളൊക്കയും നിർവ്വഹിച്ചു കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ, പരിശുദ്ധപിതാവിനേയും കുറെ ശെമ്മാശന്മാരെയും അൽമാക്കിയസിന്റെ മുൻപാകെ കൊണ്ടുചെന്നു നിറുത്തി. ഒരു ക്രിസ്ത്യാനിയായിരുന്നുവെന്നും അൽമാക്കിയസ് ആഗ്രഹിച്ചിരുന്ന ചെച്ചീലിയായുടെ വസ്തുക്കൾ അന്യർക്കു ദാനംചെയ്തുവെന്നും രണ്ടു കുറ്റങ്ങളാണ് പരിശുദ്ധ പിതാവിന്റെമേൽ ആരോ പിക്കപ്പെട്ടതു്. പതിവുപോലെ കുള്ളദേവനു ബലികഴിക്കുന്നതിനായി ഇവരെ വലിച്ചിഴച്ചുകൊണ്ടുപോയി. വളരെയാളുകൾ അതിനു സമ്മതിക്കാതിരുന്നതിനാൽ അവരെ കഠിനമായടിച്ചുതുടങ്ങി. ലൂസിയൻ എന്നൊരാൾ അടികൊണ്ടുതന്നെ മരണം പ്രാപിച്ചു. മററുള്ളവരെ മൂന്നുദിവസങ്ങൾക്കു ശേഷം വധിക്കുകയും ചെയ്തു.

വലെറിയാനോസും സഹോദരനും ഏപ്രിൽമാസം ൧൪-നു-യും ചെച്ചീലിയാ ഒന്നുരണ്ടാഴ്ചകൾക്കുശേഷവും, വി. ഉർബാനോസും അനുയായികളും മെയ് മാസം ൨൫-നു-യും മരണം പ്രാപിച്ചു. ഏറെതാമസിയാതെ, പുണ്യവതിയായ ചെച്ചീലിയായുടെ പേരു കുർബാനയുടെ കാനോനായിൽ ചേർക്കപ്പെട്ടു. അവരെ തുടൎന്ന് ആഗ്നേസും, ഡയോക്ലീഷ്യന്റെ കാലത്തു പിറവിത്തിരുനാളിൽ ജീവനോടെ ദഹിപ്പിക്കപ്പെട്ട അനസ്താസിയായും രക്തസാക്ഷികളുടെ വരിയോലയിൽ ചേർക്കപ്പെട്ടു. ൩൦൦ സംവത്സരങ്ങൾക്കുശേഷം വി. ഗ്രിഗോറിയോസ് മാർപ്പാപ്പായാൽ ചേർക്കപ്പെട്ട അഗത്താ, ലൂസി എന്നിവരാണു പിന്നീടു വരുന്നതു്. വി. ചെച്ചീലിയാ ആഗ്രഹിച്ചതുപോലെ, അവരുടെ ഗൃഹം അന്നുമുതൽ ഒരു ദേവാലയമായിത്തീൎന്നു. പ്രതിവൎഷം അവിടെ ആഘോഷിക്കപ്പെടുന്ന തിരുനാളിൽ മഹത്തായ സംഗീതം ധ്വനിക്കുന്നു; സംഗീതങ്ങളാലും സങ്കീൎത്തനങ്ങളാലും ദൈവത്തെ മഹത്വപ്പെടുത്തുന്നതിനു ചെച്ചീലിയാ ആഗ്രഹിച്ചിരുന്നതുകൊണ്ടു്, റോമായിലെ വിശേഷപ്പെട്ട പാട്ടുകാരാദിയായി ഈ പുണ്യവതിയെ സ്തുതിക്കുന്നതിനു നവംബർ ൨൨-നു ഇവിടെ കൂടുന്ന ആളുകളുടെ സംഖ്യ ഒട്ടും ചില്ലറയല്ല. ഈ വിശുദ്ധയുടെ മരണത്തിന്റെ അവധി, നമ്മുടെ കൎത്താവിന്റെ സ്വൎഗ്ഗാരോഹണം, ത്രിത്വത്തിന്റെ തിരുനാൾ ആദിയായ വലിയ ദിവസങ്ങളിൽ വരുന്നതുകൊണ്ടു്, നവംബർ ൨൨-നു ആ തിരുനാൾ ആഘോഷിക്കുന്നതിനു വിശുദ്ധ സഭ നിശ്ചയിച്ചിരിക്കുന്നു. അന്നേദിവസം ഈ ദേവാലയത്തിൽതന്നെയല്ല, ഏകദേശം ൭൦൦ സംവത്സരകാലത്തേക്കു്, ആ വിശുദ്ധ ശരീരം കിടന്നിരുന്ന സെമിത്തേരിയിലും വലിയ ആഘോഷങ്ങളും ഒരു പാട്ടുകുർബാനയും നടത്തിവരുന്നു. (തുടരും)

*J. M.*



## തിരുഹൃദയ ഭക്തന്മാർ

### ൧൯൧൭ മകരമാസത്തിൽ വെക്കേണ്ട പൊതുക്കരുതൽ.

"ഈശോയുടെ തിരുഹൃദയത്തിന്റെ അഗ്രഹപൂർത്തി."

ഇതു വളരെ വിസ്തീർണ്ണമായ ഒന്നാണ്. ദൈവം നിത്യനാകകൊണ്ടു നമ്മുടെ ആയുഷ്കാലത്തെ ഗുണം മാത്രമല്ല നമ്മുടെ മരണശേഷം അവസാനമില്ലാത്ത കാലത്തോളമുള്ള നമ്മുടെ നന്മയേയും അവിടുന്നു നോക്കുന്നു. എന്നാൽ നാം താൽക്കാലിക നന്മയെ മാത്രം കാണുന്നു. അതിനാൽ നമുക്കു നന്മയായി തോന്നുന്നതു ഒരുപക്ഷെ നമുക്കു തിന്മയായേക്കാം. നാം സങ്കടങ്ങളേയും ദീനത്തേയും യുദ്ധത്തേയും മരണത്തേയും മററും തിന്മയായി വിചാരിക്കുന്നു. എന്നാൽ ദൈവത്തിന്റെ അളവില്ലാത്ത ജ്ഞാനത്തിൽ അവ നമുക്കും ലോകത്തിന്നും നന്മയായിരിക്കാം. അതിനാൽ ഈശോയുടെ തിരുഹൃദയ അഗ്രഹങ്ങൾ എന്തെന്നു നമുക്കു ഖണ്ഡിച്ചു പറവാൻ പാടില്ല. എന്നാൽ നാം "അവിടുത്തെ തിരുമനസ്സ് ആകാശത്തിലെപ്പോലെ ഭൂമിയിലും ആകട്ടെ" എന്നു പ്രാർത്ഥിക്കേണം. ഭൂലോകത്തിൽ നിന്നു ദുഷ്ടത നീങ്ങുവാൻ അപേക്ഷിക്കേണം. ഇതാണു സമാധാനത്തിന്റെ വഴി. മരിക്കുന്നവർ നല്ലമരണംപ്രാപിപ്പാനും ശുദ്ധീകരസ്ഥലത്തിലെ ആത്മാവുകൾക്കു ആശ്വാസം ഉണ്ടാകുന്നതിന്നുവേണ്ടി നാം അപേക്ഷിക്കേണം. നിന്റെ രാജ്യം വരേണമെ എന്നു പ്രാർത്ഥിക്കേണം. ഇങ്ങനെ ചെയ്യുന്നതായാൽ ഈശോയുടെ തിരുഹൃദയത്തിന്റെ ആഗ്രഹങ്ങൾ നിറവേറുന്നതിന് ഏറക്കുറെ നാമും സഹായിക്കുന്നതാണ്.

### മംഗളഗാനം.

നാട്ട—രൂപകം.

(നായകൊനി മട്ട്)

ഓരംശോയെയീയപ്പത്തിൽ മറഞ്ഞു നിത്യവും
വാസംചെയ്യും ദൈവമെ ആരാധിച്ചീടുന്നേൻ
അങ്ങെധ്യാനിക്കുന്നതിനശക്തൻ ഞാനെന്റെ
മുട്ടുകുത്തി സാഷ്ടാംഗമായ് കുമ്പിടുന്നിതാ.
കാഴ്ചസ്പർശം രുചിയിവമറച്ചങ്ങീന്നെന്നാൽ
ചെവികൾമാത്രം ഭദമായി വിശ്വസിക്കുന്നു.
ദൈവപുത്രൻ തന്നാജ്ഞയെ വിശ്വസിക്കുന്നു.
സത്യത്തിന്റെ വാക്കിനെക്കാൾസത്യമില്ലന്യം.
കുരിശിന്മേൽ ദൈവത്വമെ മറയ്ക്കപ്പെട്ടോള്ളു
ഇവിടെമാനുഷീകവും മറഞ്ഞിരിക്കുന്നു. (ഞാൻ
തോമസ് കണ്ട നിൻകായങ്ങൾ കാണുന്നില്ല
എന്നാലുമെൻദൈവവും കർത്താവുമങ്ങാണെ,
നിത്യമങ്ങെ വിശ്വസിച്ചു ശരണപ്പെട്ടേററം
സ്നേഹിപ്പാനെന്നെ ഭവാൻ സഹായിച്ചീടണെ.
കന്യാസ്ത്രീ മറിയത്തിന്നുദരത്തിൽനിന്നു
ജനിച്ച സത്യമാം വപുസ്സിന്നേററവും സ്തുതി.
കുരിശിൽത്തൂങ്ങിഞങ്ങൾക്കായിഘോരമാം വിധി
കയ്യേററ തിരുദേഹത്തിനെപ്പൊഴും സ്വസ്തി.
വചനംമാംസമായിവരിൽ കുടിയിരുന്നൊരു
ഓരംശോ തന്റെ തിരുമേനിക്കു- നിത്യവും
(സ്തോത്രം.
ദൈവത്തോടുമർത്ത്യനേററമൈക്യമേകുന്ന
പാവനമാം കുർബാനയ്ക്കുന്നേരവും സ്തുതി.
നിത്യസ്തോത്രത്തിന്നു പാത്രമായിട്ടും ദിവ്യ
പരമകാരുണ്യത്തിനെന്നുമേററവും സ്തുതി.

K. J. T. M.

### ലോകവർത്തമാനച്ചുരുക്കം.

ഫ്രാൻസിൽ അറൂസിലെ ചാറെറാ എന്ന സ്ഥലത്തുവച്ചു ജർമ്മൻ കൈസറും ജനറൽമാരും ഒരു പൊൻറിഫിക്കൽ

ഹൈമാസിൽ സംബന്ധിക്കുകയുണ്ടായി. കോളോണിലെ മെത്രാപ്പോലീത്തായായ കർദ്ദിനാൾ ഹർട്ടമാൻ അവർകൾ ഘോഷയാത്രയായി ചെന്നു കൈസറിനെ പള്ളിവാതലിനു സമീപത്തുവച്ചു സ്വീകരിച്ചു. ഒരു മംഗളപത്രം സമർപ്പിച്ചതിന്റെ ശേഷം കർദ്ദിനാൾ, പരുക്കേററ പടയാളികൾക്കായിട്ടു പ്രഷ്യായിലെ കത്തോലിക്കരിൽനിന്നു പിരിച്ചെടുത്ത ൩ ലക്ഷത്തി അറുപതിനായിരം "മാർക്കസ" കൈസറിനു സമ്മാനിച്ചു.

മദ്രാസ് പ്രസിഡൻസിയിൽ വിശാഖപട്ടണം രൂപതയിലുള്ള വി. യൌസേപ്പിന്റെ കന്യകകളുടെ പരിമശ്രമം മൂലം ൧൯൧൫-ൽ ആസന്നമരണന്മാരായ ൫൬൦൦ ഹൈന്ദവശിശുക്കൾക്കു ജ്ഞാനസ്നാനം ലഭിക്കയുണ്ടായി എന്നു പ്രസ്തുത കന്യകകളുടെ സുപ്പീരിയർ അറിയിച്ചിരിക്കുന്നു. ഈ രൂപതയിൽ പരോപകാരാത്ഥം പ്രയത്നിക്കുവാൻ തുടങ്ങീട്ടു ൫൦ സംവത്സരങ്ങളിലധികമായെങ്കിലും ഇതിനുമുമ്പു ഇത്ര ഏറെ ഹിന്തുക്കളെ അവർ ജ്ഞാനസ്നാനപ്പെടുത്തീട്ടില്ലെന്നാണ് അറിയുന്നതു്.

സേർവിയായിലെ നത്താലിയാരാജ്ഞി ഫ്രാൻസിൽ ബോർഡൊ പട്ടണത്തിലുള്ള ഒരു വലിയ സൈനിക ആശുപത്രിയിൽ താമസിക്കുന്ന രോഗികളെ പരിചരിക്കുകയാകുന്നു. യുദ്ധാവസാനം വരെ പെരുപ്പും ബുദ്ധിമുട്ടും തോന്നിക്കുന്ന ഏതാദൃശങ്ങളായ ശുശ്രൂഷചെയ്തുകൊണ്ടു താമസിക്കുന്നതിനാണു ഈ മഹതി നിശ്ചയിച്ചിരിക്കുന്നതു്.

൧൪-ാം ശതവർഷത്തിന്റെ പൂർവ്വാർദ്ധംവരെ ബെനദിക്തോസ് സഭയിൽ ൨൪ മാർപ്പാപ്പാമാരും, ൨൦൦ കർദ്ദിനാളന്മാരും, ൭൦൦൦ മെത്രാപ്പോലീത്താമാരും, ൧൫൦൦൦ മെത്രാന്മാരും ഉണ്ടായിട്ടുണ്ട്.

അമേരിക്കായിൽ ഐക്യരാജ്യത്തുള്ള കത്തോലിക്ക ഇടവകപ്പള്ളിക്കൂടങ്ങളുടെ ആധിക്യം മൂലം പ്രസ്തുത ഗവമ്മെണ്ടിനു വിദ്യാഭ്യാസ സംബന്ധമായി പ്രതിവർഷം രണ്ടുകോടിപത്തുലക്ഷം ഡോളർ കുറച്ചു ചെലവിട്ടാൽ മതിയെന്നു കാണുന്നു.

കർദിനാൾഡെല്ലാ വോൾപ്പ് അവർകൾ കഴിഞ്ഞ ഡിസംബർ മാസത്തിൽ മരണം പ്രാപിച്ചതായി അറിഞ്ഞു വ്യസനിക്കുന്നു. ൧൮൪൪-ൽ റവെന്നായിൽ ജാതനായ ഇദ്ദേഹം ൧൮൯൯-ൽ കർദ്ദിനാൾസ്ഥാനത്തിൽ ഉയർത്തപ്പെട്ടു. വത്തിക്കാനിൽ പുസ്തകപരിശോധനാ സംഘത്തിന്റെ പ്രിഫെക്ററായിട്ടും കത്തോലിക്കാ സഭയുടെ കമർലേൻഗൊ ആയിട്ടും ജോലിനോക്കി വന്നിരുന്നു. പരിശുദ്ധ സിംഹാസനത്തിലെ വസ്തുക്കളുടേയും വരവുചെലവുകളുടേയും ഭരണം ഇദ്ദേഹത്തിന്റെ അധികാരസീമയിൽ പെട്ടതാണ്. ഒരു മാർപ്പാപ്പായുടെ മരണാനന്തരം പുതിയ മാർപ്പാപ്പായെ തെരഞ്ഞെടുക്കുന്നതുവരെ കർദ്ദിനാൾ സംഘത്തിന്റെ നായകനും കമർലേൻഗൊയാണ്. മാർപ്പാപ്പായുടെ മരണത്തെ സ്ഥിരീകരിക്കുന്നതിനും പുതിയമാർപ്പാപ്പായുടെ തെരഞ്ഞെടുപ്പിനു ചുമതലപ്പെട്ടവനും ഇദ്ദേഹം തന്നെയാകുന്നു.

ഓസ്ത്രിയായിലെ പുതിയ ചക്രവർത്തി ഇംഗ്ലീഷ് ഉൾപ്പെടെ പലേ യൂറോപ്യൻ ഭാഷകളും നിരർഗ്ഗളമായി സംസാരിക്കും. പുതിയ ചക്രവർത്തിനിക്കു ഇംഗ്ലണ്ടുമായി പലേ ബന്ധങ്ങളുണ്ട്. ഇംഗ്ലണ്ടിനോടടുത്തു കിടക്കുന്ന വൈററ് ദ്വീപിലുള്ള ഒരു ബെനദിക്തോസുസഭക്കാരുടെ കന്യകാമഠത്തിലാണ് ഇവർ വിദ്യാഭ്യാസം ചെയ്തതു്. ഇവരുടെ മൂന്നു സഹോദരികൾ പ്രസ്തുത മഠത്തിൽ കന്യകകളായി ജീവിക്കുന്നു. ഇവരിൽ ഇളയയാൾ കഴിഞ്ഞതിന്റെ മുമ്പിലത്തെ ഓഗസ്റ്റ്മാസത്തിലാണ് സന്യാസവ്രതം അനുഷ്ഠിച്ചതു്. ബൽജിയൻ പട്ടാളത്തിലെ ഉദ്യോഗസ്ഥന്മാരായ ഇവരുടെ രണ്ടു സഹോദരന്മാരും ഈ മതകർമ്മത്തിൽ സംബന്ധിക്കുകയുണ്ടായി. ൨൪ വയസ്സുപ്രായമുള്ള പുതിയ ചക്രവർത്തിനിക്കു ഇംഗ്ലീഷ്, ഇത്താലിയൻ, ഫ്രഞ്ച്, ജർമ്മൻ എന്നീ ഭാഷകൾ നല്ലതിൻവണ്ണം അറിയാം. രണ്ടു പുത്രന്മാരുടേയും ഒരു പുത്രിയുടേയും മാതാവായ ഈ രാജ്ഞി പാർമായിലെ റോബർട്ടു പ്രഭുവിന്റെ പുത്രിയാകുന്നു. ൧൧-ാമത്തെ വയസ്സിൽ സ്ഥാനഭ്രഷ്ടനായ റോബർട്ടുപ്രഭു ഓസ്ത്രിയായിലും, വൈററ് ദ്വീപിലുമായി കാലംകഴിച്ചു. ഫ്രാ

ഇദ്ദേഹം നല്ല സമ്പന്നനായിരുന്നു. ഫ്രാൻസിലെ അവസാനകിരീടാവകാശിയും വലിയ ധനാഢ്യനുമായിരുന്ന ഷാംബോർഡ് എന്നയാൾ, അദ്ദേഹത്തിന്റെ സ്വത്തെല്ലാം റോബർട്ടുപ്രഭുവിനു കൊടുത്തു. പോർട്ടുഗീസ് രാജവംശജയായ മറിയ അന്തോനിയാ പ്രഭ്വിയാണ് പ്രിൻസസ് സിററായുടെ (പുതിയ ചക്രവത്തിനിയുടെ) മാതാവ്.

പന്തീരായിരം ഡോളർ വിലപ്പിടിപ്പുള്ള ഒരു 'കുസ്തോദി' (പരിശുദ്ധ കുബാന സംഗ്രഹിക്കുന്നതിനുള്ള പാത്രം) വടക്കെ അമേരിക്കായിൽ വാഷിങ്ടനിലെ വി. പത്രീച്ചിയൂസിന്റെ ദേവാലയത്തിലെ റെക്ടറർ ആയ മോൺസിഞ്ഞോർ റസ്സൽ അവർകൾക്കു അദ്ദേഹത്തിന്റെ ആജ്ഞയിലുള്ള കത്തോലിക്കർ പാരിതോഷികമായി നൽകുകയുണ്ടായി. സ്വർണ്ണനിർമ്മിതമായ ഈ പാത്രത്തിനുള്ള ഒരു വൈശിഷ്ട്യം, ൨൭ മംഗല്യാംഗുലീയങ്ങൾ ഉരുക്കി ഉണ്ടാക്കീട്ടുള്ളതാകുന്നു എന്നതാണ്. ഇവയിൽ ൨൫–ം അവിട്ടത്തെ സ്ത്രീകളാണു കൊടുത്തത്. ൨൭–ാമത്തേതിന്റെ ദാതാവ് മോൺസിഞ്ഞോർ റസ്സൽ തന്നെയാണ്. അദ്ദേഹത്തിന്റെ മാതാവിന്റെ വിവാഹമോതിരമായിരുന്നു ഇതു്. ഈ കുസ്തോദിയിൽ ൩൭൦ രത്നങ്ങൾ പതിച്ചിട്ടുമുണ്ട്.

ചൈനായിൽ കത്തോലിക്ക മിഷ്യനറിമാരുടെ, ഉദ്ദേശം ൧൦ വഷക്കാലത്തെ സ്വപരിത്യാഗത്തിന്റെ പരിശ്രമത്തിന്റെയും ഫലം വിസ്മയനീയവുമായിരിക്കുന്നു. വാണിജ്യസംബന്ധമായും മിഷ്യൻജോലി സംബന്ധമായും പരിശ്രമിക്കുന്നതിനു ൧൭൨൪–ൽ മാത്രമേ യൂറോപ്യന്മാക്കു ചൈനായിൽ പ്രവേശനം അനുവദിച്ചുള്ളു. ചൈനായുടെ തലസ്ഥാനമായ പെക്കിൻ പട്ടണത്തിൽനിന്നും പ്രസിദ്ധീകരിക്കുന്ന 'കത്തോലിക്ക ബുല്ലററിൻ' എന്ന മാസികയിൽ താഴെകാണുംവണ്ണം പ്രസ്താവിച്ചിരിക്കുന്നു. ചൈനായിൽ ഇപ്പോൾ ൧൯ ലക്ഷത്തി ൨൫൨൫൨ കത്തോലിക്കർ ഉണ്ട്. കത്തോലിക്കാവിശ്വാസം അഗാധമായി പതിഞ്ഞിരിക്കുന്ന ഇവർ ഭക്തിതീക്ഷ്ണതയുള്ള മാതൃകാ കത്തോലിക്കരായി ജീവിക്കുന്നു. വൈദികഭരണത്തിന്റെ സൌകര്യത്തിന്നുവേണ്ടി ൭൦ "വികാരിയാത്തു"കളായി ഭാഗിക്കപ്പെട്ടിരിക്കുന്ന ഈ വിസ്താരമേറിയ രാജ്യത്തിൽ ൪൯ മെത്രാന്മാർ ഉണ്ട്. ഇവരെല്ലാവരും ഫ്രഞ്ചുകാരാണ്. ൧൭ സന്യാസ സഭകളിലുള്ളവരുൾപ്പെടെ ൧൪൩൦ യൂറോപ്യൻ പുരോഹിതന്മാരാണവിടെ മതപ്രചാരാർത്ഥം പരിശ്രമിക്കുന്നതു. യുദ്ധത്തിനുമുമ്പ് ഇവരുടെ സംഖ്യ ൧൪൫൭ ആയിരുന്നു. ഇവക്കും പുറമെ ഏതദ്ദേശീയ പുരോഹിതന്മാരുടെ സംഖ്യയും ഒട്ടും കുറവല്ല. ഇവരുടെ തുകയും ക്രമപ്രവൃദ്ധമായിത്തന്നെ ഇരിക്കുന്നു. ൧൯൧൪–ൽ ൬൭൦ ആയിരുന്നു ഇവരുടെ സംഖ്യ. ൧൯൩൭–ൽ ആകട്ടെ ൨൦൨൫ ആയി വദ്ധിച്ചു. വൈദികവിദ്യാർത്ഥികൾ ജൂണിയർ സെമ്മിനാരികളിൽ ൧൨൨൬–ം സീനിയർ സെമ്മിനാരികളിൽ ൭൭൬–ം ഉണ്ട്. ൪൦ കോടി ജനങ്ങളുടെ വാസസ്ഥാനമായ ഈ മഹാരാജ്യത്തിൽ അവിടവിടെയായി, കപ്പേളകൾ ഉൾപ്പെടെ ൨൫൧൨ ദേവാലയങ്ങൾ സ്ഥിതിചെയ്യുന്നു. മതദ്വേഷ്ട്യം അന്ധകാരമയമായി കിടന്നിരുന്ന ചൈനാസാമ്രാജ്യത്തിൽ ചുരുങ്ങിയകാലംകൊണ്ട് കത്തോലിക്കാ സഭക്കു എത്രമാത്രം പ്രശസ്തിയും പ്രചാരവും ലഭിച്ചിട്ടുണ്ടെന്നുള്ളതിലേക്കു ൪൦ കോടി ജനങ്ങളെ ഭരിക്കുന്ന അവിടുത്തെ ഇപ്പോഴത്തെ പ്രസിഡണ്ടു ഒരുത്തമകത്തോലിക്കനാണെന്നുള്ളതു ഒരു നല്ല സാക്ഷ്യമാണ്.

## മരണം.

പൈങ്ങളം ചെറുകരപ്പള്ളി ഇടവകയിൽ കുളത്തിനാപടിയ്ക്കൽ പോത്തൻ അവർകളുടെ ഭാര്യയും അടിയാനപ്പള്ളിൽ ബ. തോമ്മാച്ചന്റെ സഹോദരിയുമായ ചാച്ചി എന്ന സ്ത്രീ കഴിഞ്ഞ വൃശ്ചികമാസം ൧൭–നു തന്റെ ൬൮–ാമത്തെ വയസ്സിൽ പരലോകപ്രാപ്തയായിരിക്കുന്നു. തിരുഹൃദയസഭയിൽചേന്നു ൨൫ വഷത്തോളം അതിലെ ചട്ടങ്ങളെ ശരിവരെ നിറവേററിവന്നിരുന്ന ഈ വയോവൃദ്ധയുടെ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.